കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നൻമണ്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.3/1046/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി –17.11.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്മണ്ട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്മണ്ട ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.3/1046/2020 തീയതി –17.11.2020

## കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഈ വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ എം,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 20.10.2020വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലകൃഷ്ണൻ കെ.എം | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ശ്യംജിത്ത്.എം | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .ജിഷാസാമുവൽ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിനിത്ത്.എ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീജിത്ത്.കെ.വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുണ്ടൂർ ബിജു | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി.കെ.സതീദേവി | 01.04.2018മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | രാധാകൃഷ്ണൻ എ.പി | 01.04.2018 മുതൽ 31.05.2018 വരെ |
| അസി. സെക്രട്ടറി | രാജീവൻ കെ. | 01.06.2018 മുതൽ 31.03.2019 വരെ |
| അസി.എൻജിനിയർ | ശ്രീ.രാജേഷ്.ഇ | 01.04.2018 മുതൽ 10.05.2018 വരെ |
| | നിധിൻ കെ.എം | 11.05.2018 മുതൽ 31.03.2019 വരെ |
| വി ഇ ഒ | ശ്രീമതി.മഞ്ജുള.പി | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.മുരളീധരൻ കെ. | 01.04.18 മുതൽ 29.07.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജയപ്രകാശ് | 30.07.2018 മുതൽ 31.03.19വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.പ്രമീള.കെ | 01.04.18 മുതൽ 17.07.2018വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ഗീത വി.എം | 18.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ജാസ്മിൻ.കെ | 01.04.18 മുതൽ 18.03.2019 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | സരിത പുരുഷോത്തമൻ | 19.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ.ദീപ വർമ്മ | 01.04.2018 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ.ജയപ്രഭ | 01.04.2018 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദന കെ. | 01.04.2018 മുതൽ 22.07.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സീമ ബി.ജെ | 23.07.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. കെ.ജി.പ്രവീൺ | 01.04.2018 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു.എൻ | 01.04.18 മുതൽ 31.03.19വരെ |

## ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | ആഭ്യന്തര നിയന്ത്രണം |
| 3 | 1-3 | വാർഷിക കണക്കിലെ അപാകതകൾ |
| 4 | 1-4 | പദ്ധതി അവലോകനം |
| 5 | 1-5 | വസ്തുനികുതി – നടപടിക്രമങ്ങളിലെ അപാകതകൾ |
| 6 | 1-6 | അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ/അനുബന്ധരേഖകളുടെ സൂക്ഷിപ്പ് – പൊതു അപാകതകൾ |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി – ചരക്ക് സേവന നികുതി, ആദായ നികുതി എന്നിവ ഈടാക്കാത്തത് മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം |
| 8 | 1-8 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ് |
| 9 | 1-9 | രസീത് പിരിവിലെ അപാകതകൾ |
| 10 | 1-10 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല – ഡി & ഒ. ലൈസൻസ് ഡിമാന്റിൽ കുറവ് |
| 11 | 1-11 | ഫയർ & റസ്ക്യൂ നിരാക്ഷേപപത്രമില്ലാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു. |
| 12 | 1-12 | അനധികൃത കെട്ടിടം- തുടർ നടപടികളിൽ വീഴ്ച. |
| 13 | 1-13 | പെർമിറ്റ് അനുവദിച്ചതിലെ അപാകത |
| | | |

| | | |
|---|---|---|
| 14 | 1-14 | സംരക്ഷണഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മാണം – മഹപാകതകളും. |
| 15 | 1-15 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു. |
| 16 | 1-16 | പദ്ധതിയാസൂത്രണം ഫലപ്രദമല്ല – നാലു വർഷം പിന്നിട്ടിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല |
| 17 | 1-17 | എക്സ്ട്രാ ഇനങ്ങൾക്ക് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി |
| 18 | 1-18 | പറയരുകുന്നത്ത് കുടിവെള്ള പദ്ധതി – നാളിതുവരെ ആരംഭിച്ചില്ല – പ്രത്യേക ഘടകപദ്ധതിയ്ക്കായി ലഭിച്ച ഫണ്ട് വക മാറ്റി വകയിരുത്തി |
| 19 | 1-19 | ക്ഷീരവികസന പ്രൊജക്ടുകൾ നടപ്പാക്കിയതിലെ അപാകങ്ങൾ |
| 20 | 1-20 | എെ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ടുകളുടെ അവലോകനം |
| 21 | 1-21 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി- നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകങ്ങൾ |
| 22 | 1-22 | കാർഷിക മേഖലയിലെ പ്രൊജക്ടുകൾ – പരിസ്ഥിത പ്രാധാന്യമുള്ള പ്രൊജക്ട് വിഭാവനം ചെയ്ത് നടപ്പാക്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുന്നില്ല. |
| 23 | 1-23 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. |
| 24 | 1-24 | ആവശ്യകത പരിശോധിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി |
| 25 | 1-25 | കയ്യാട്ട് കുടിവെള്ള പദ്ധതി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 26 | 1-26 | ഇറിഗേഷൻ വകുപ്പിന് തുക കൈമാറിയ പദ്ധതികളുടെ പൂർത്തീകരണവിവരം |
| 27 | 3-1 | എക്സ്ട്രാ ഇനങ്ങൾക്ക് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി |
| 28 | 4-1 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം |
| 29 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 30 | 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 32 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപം |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 36 | 4-9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

15.03.2018 ലെ 1 തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് കണക്കുകളുടെയും യഥാർത്ഥ വരവ്ചെലവ് കണക്കുകളുടെയും വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| പ്രതീക്ഷിച്ച വരവ് ചെലവുകൾ | | യഥാർത്ഥ വരവ് ചെലവുകൾ | അന്തരം |
|---|---|---|---|
| മുൻബാക്കി | 19659451 | 14947824 | 4711627 |
| വരവ് | 161346000 | 103487244 | 57858756 |
| ആകെ | 181005451 | 118435068 | 62570383 |
| ചെലവ് | 162714000 | 75285127 | 87428873 |
| | | | |

| നീക്കിയിരിപ്പ് | 18291451 | 43149941 | 24858490 |
|---|---|---|---|

7.03.2018 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ചതായി കാണുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്റ്റിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതുമാണ്. ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതും പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിലുള്ള വലിയ അന്തരം കുറയ്ക്കേണ്ടതുമാണ്.

## 1-2 ആഭ്യന്തര നിയന്ത്രണം

സ്ഥാപനം എഴുതി സൂക്ഷിച്ച ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രൊജക്ടുകളുടെ വിനിയോഗത്തിന് ലഭിച്ച 12354857 രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റോറിയം വാടകയ്ക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബുക്കിംഗ് രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്. വെറ്ററിനറി സർജൻ കന്നുകാലികളെ വിതരണം ചെയ്യുന്നതു സംബന്ധിച്ച വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യപ്പെടുന്നതായി കാണുന്നില്ല. അംഗീകാരം ലഭിച്ച പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗിക്കാത്തതിനാൽ 6031993രൂപ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-3 വാർഷിക കണക്കിലെ അപാകതകൾ

1). പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ താഴെപ്പറയുന്ന ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ ബാലൻസ് ഷീറ്റിലെ ബി.9 "Liability in respect of stale cheques" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ/തിയ്യതി | തുക |
|---|---|---|
| ടി.എസ്.ബി. അക്കൗണ്ട് നമ്പർ 7170714000003 | | |
| 1. | JK2539578/30.11.2018 | 1000 |
| പി.എൻ.ബി. - എം.ജി.എൻ.ആർ.ഇ.ജി.എ. | | |
| 2. | 191614/26.12.2018 | 21529 |
| ആകെ | | 22529 |

2). ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (1-17 (a))ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല എന്ന് പരിശോധനയിൽ കണ്ടെത്തി.

3). ഡെപ്പോസിറ്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റിലെ (2018-19)ഷെഡ്യൂൾ ബി.7 എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഇനങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് | ഷെഡ്യൂൾ ബി7 പ്രകാരമുള്ള ബാലൻസ് | വ്യത്യാസം |
|---|---|---|---|---|
| 1 | Contractors EMD | 174820 | 184820 | 10000 |
| 2 | Contractors security deposit | 30000 | 20000 | 10000 |

4). ബാലൻസ് ഷീറ്റിലെ (2018-19)ഷെഡ്യൂൾ ബി 5 പരിശോധിച്ചപ്പോൾ ലൈഫ് പദ്ധതിക്കു വേണ്ടി 2018-19 വർഷം 17150500/- KURDFC യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട് എന്ന് കാണുന്നുവെങ്കിലും, ഇക്കാര്യം രേഖപ്പെടുത്തുന്നതിനായി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

# 1-4 പദ്ധതി അവലോകനം

തൻവർഷം 206 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 125 പ്രൊജക്ടുകൾ നടപ്പാക്കി. 10,52,27,957രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 5,39,12,252 രൂപയാണ് ചെലവഴിച്ചത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ട് | വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 15123671 | 12815493 | 2308178 | 84.74 |
| എസ്.സി.പി | 7966000 | 6529077 | 1436923 | 81.96 |
| ടി.എസ്.പി | 2681000 | 2283800 | 397200 | 85.18 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8908692 | 7019000 | 1889692 | 78.79 |
| മെയിന്റനൻസ് ഗ്രാന്റ് | 8620000 | 8620000 | - | 100.00 |
| ആകെ | 43299363 | 37267370 | 6031993 | 86 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 60,31,993രൂപ (4,32,99,363-3,72,67,370) പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. (സ.ഉ (കൈ) നം.11/2018 തസ്വഭവ തീ 29.01.2018 പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക) പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാക്കതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രൊജക്ടുകളുടെ എണ്ണം കുറച്ച് ,ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# 1-5 വസ്തു നികുതി - നടപടിക്രമങ്ങളിലെ അപാകതകൾ

1) രസീതുകളിൽ കെട്ടിട നികുതി (BT)എന്നു കാണിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203 ാം വകുപ്പിന്റെ ഭേദഗതി പ്രകാരം 24.03.1999 മുതൽ കെട്ടിട നികുതി (Buildig Tax) എന്നത് വസ്തു നികുതി (property Tax) എന്നാക്കി മാറ്റിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് നൽകുന്ന രസീതുകളിൽ ഇപ്പോഴും കെട്ടിട നികുതി,' B T ' (Buildig Tax) എന്നാണ് രേഖപ്പെടുത്തി വരുന്നത്. രസീതുകളിൽ വസ്തു നികുതി (property Tax) എന്നുതന്നെ രേഖപ്പെടുത്തി നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 14-ൽ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12ാം ചട്ട പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും 13ാം ചട്ട പ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിനു സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും ഫോറം 9 ൽ ഒരു ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, കെട്ടിട ഉടമയോ അയാളുടെ ഏജന്റോ കൈപ്പറ്റിയതിനു നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചട്ടം 14പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

3) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ

2018-19 ൽ 138 വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വീട്ടുകരം ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്.(ധനകാര്യ സ്ഥിരം സമിതി തീരുമാനം നമ്പർ 120) വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തതിനാൽ ഒരേ വ്യക്തിയ്ക്കു തന്നെ ഇതേ പഞ്ചായത്തിലെ മറ്റു വാർഡുകളിലോ മറ്റു പഞ്ചായത്തുകളിലോ/ നഗരസഭകളിലോ ഉള്ള ഭവനങ്ങൾക്കും ഈ ആനുകൂല്യം അനർഹമായി ലഭിക്കാൻ ഇടയാകും. സ ഉ (കൈ) 106/17 തസ്വഭവ തിരു തി 26.05.2017 പ്രകാരം, നികുതിയിളവിനു അർഹരായ വിമുക്ത ഭടൻമാർക്ക് / വിമുക്ത ഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ. ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. 2018-19 ൽ അനുവദിച്ച അപേക്ഷകളോടൊപ്പം (സ ഉ (എം എസ്) നം. 358/15/ ത സ്വ ഭ വ തിയ്യതി 16/12/2015 ൽ പറയുന്ന അനുബന്ധം (2) പ്രകാരം ) സമർപ്പിച്ച സത്യവാങ്മൂലം ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.സത്യവാങ്മൂലം ലഭ്യമാക്കാത്തവരുടേത് ഭാവിയിൽ ലഭ്യമാക്കി സൂക്ഷിക്കുന്നതാണ് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

5) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

i) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു പോരേണ്ടതാണ്.

ii) മേൽ ചട്ടങ്ങൾ 21(3) പ്രകാരം,ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

iii) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

iv) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

v) മേൽ ചട്ടങ്ങൾ 13 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

vi) സ ഉ (എം എസ്) നം. 210/13/ ത സ്വ ഭ വ തിയ്യതി 04/06/2013 പ്രകാരം, സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടത്താവുന്നതും,നടപടികൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി സൂക്ഷിക്കാവുന്നതുമാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

6)<u>ലൈബ്രറി സെസ്സ് യഥാസമയം അടയ്ക്കുന്നില്ല</u>

2000 ലെ കേരള അധികാര വികേന്ദ്രീകരണ നിയമം ( The Kerala Decentralisation of PowersAct,2000) 35(8)(3) വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കാത്ത പക്ഷം 2% പിഴ പലിശ സഹിതം അടയ്ക്കേണ്ടതാണ്. 20.09.15 ലെ 10088/സി 3/05/എൽ എസ് ജി ഡി നം. കത്ത് പ്രകാരം പഞ്ചായത്ത് ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി യഥാക്രമം ഏപ്രിൽ 30,നവംബർ 30 എന്നീ തിയ്യതികൾക്കുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, 2018-19 ഒന്നാം അർദ്ധ വർഷത്തിൽ പിരിച്ചെടുത്ത സെസ്സ് 2018 ഒക്ടോബർ 30നുള്ളിൽ അടയ്ക്കുന്നതിനു പകരം 2019 ജനുവരിയിലാണ് അടച്ചിരിക്കുന്നത് (TSB (own fund) A/c,Cheque No JK 2719151 Dt 14.01.2019 Rs 72,778/-) രണ്ടാം അർദ്ധ വർഷത്തിൽ പിരിച്ചെടുത്ത സെസ്സ് 2019 ഏപ്രിൽ 30നുള്ളിൽ അടയ്ക്കുന്നതിനു പകരം 2019 നവംബറിലാണ് അടച്ചിരിക്കുന്നത്. (NCRB (own fund-1) A/c,Cheque No 00122892 Dt 20.11.2019 Rs 81296/-) യഥാസമയം ലൈബ്രറി സെസ്സ് അടയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ /അനുബന്ധ രേഖകളുടെ സൂക്ഷിപ്പ് പൊതു അപാകതകൾ

1) <u>ഫയൽ സൂക്ഷിക്കുന്നില്ല</u>

പ്രൊജക്റ്റ് -10/18-19 വിവാഹ ധനസഹായം ( S C)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി സെക്രട്ടറി

അടങ്കൽ 7,50,000/-

ബിൽ നമ്പർ 4/18-19 തി. 31.07.2018, രൂ. 3,75,000/-
3/18-19 തി.14.05.2018, രൂ. 3,75,000/-

മേൽപ്പറഞ്ഞ ബില്ലിൽ 5 പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും 4 പേരുടെ വിവരങ്ങൾ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ, രാധാകൃഷ്ണൻ എന്ന ഗുണഭോക്താവിനെ സംബന്ധിച്ച യാതൊരു രേഖകളും ഫയലിലില്ല. രേഖകൾ ഉടനെ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനുള്ള (5/2018-19 തി.15.10.2020) മറുപടിയിൽ 01.04.2018 മുതൽ 31.05.2018 വരെ അസി സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ രാധാകൃഷ്ണൻ എന്നയാളെ വിവരം അറിയിച്ചിട്ടുണ്ടെന്നും ഫയൽ പരിശോധനക്ക് നേരിൽ ഹാജരാക്കുമെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 75,000/- രൂപയുടെ ചെലവ് വിവരങ്ങൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു

2) <u>ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല</u>

സ.ഉ(പി)177/2006 ഫിൻ തീ-12.04.2006, സ.ഉ(പി)11 9/2015 ഫിൻ തീ-21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. ത.സ്വ.ഭ.വ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കണം.

3) <u>വിതരണ രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നില്ല</u>

വിവാഹ ധനസഹായം ( 10/18-19 S C), വിവാഹ ധനസഹായം ( 11/18-19S T) എന്നീ പ്രൊജക്ടുകൾ മുഖേന ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നില്ല

വയോജനങ്ങൾക്ക് കട്ടിൽ (18/18-19) -84 കട്ടിലുകൾ വാങ്ങിയെങ്കിലും 82 കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ മാത്രമേ രജിസ്റ്ററിലുള്ളൂ. കട്ടിലുകൾ കൈപ്പറ്റിയതിന്റെ രസീതും വാങ്ങി സൂക്ഷിച്ചിട്ടില്ല. അന്വേഷണക്കുറിപ്പിനുള്ള (5/2018-19 തി 15.10.2020) മറുപടിയിൽ 2 ഗുണഭോക്താക്കൾ ആവശ്യമില്ലെന്ന് അറിയിച്ചതിനാൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ടെന്നും അടുത്ത വർഷത്തെ പദ്ധതിയിൽ വിതരണം ചെയ്യുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2019-20 ലും കട്ടിലുകൾ വിതരണം ചെയ്യാതെ 2020-21ലും ഒരു നടപടിയും സ്വീകരിക്കാതെ അതേ സ്ഥിതി തുടരുകയാണ്. വിതരണം ചെയ്യാത്ത കട്ടിലുകളുടെ വില കണക്കാക്കി തുക തിരിച്ചടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>4) ഗുണഭോക്തൃ ലിസ്റ്റ്</u>

പതിമൂന്നാം പഞ്ച വത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ ഉ (കൈ) നം 22/2018 തസ്വഭവ തിരു. 14.02.2018) പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിക്കണം. എന്നാൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിദേശ തൊഴിൽ ധന സഹായം (13 /18-19) പ്രൊജക്ടിന്റെ കാര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനു ശേഷം ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല

# 1-7 തൊഴിലുറപ്പ് പദ്ധതി -ചരക്കു സേവന നികുതി,ആദായ നികുതി എന്നിവ ഈടാക്കാത്തതുമൂലം കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്ക് നഷ്ടം

2018-19-ൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇരുപത്തി നാല് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിനായി കൊട്ടേഷൻ ക്ഷണിക്കുകയും 21.11.2018 ലെ 6(1) ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ശ്രീ മൊയ്തീൻ കോയ. പി പി പൂവ്വപ്പൊയിൽ നന്മണ്ട, ശ്രീ രജീഷ് കുമാർ കോവുമ്മൽ കായണ്ണ എന്നീ കരാറുകാർക്ക് സപ്ളൈ ഓർഡർ (No NREGA/18 Dt 22.11.2018) നല്കുകയും ചെയ്തു. ഇതിൽ നാല് പ്രവൃത്തികൾക്ക് മെറ്റീരിയൽസ് വിതരണം ചെയ്തതിന്റെ ബിൽ തുകകളാണ് 2018-19 ൽ നൽകിയിരിക്കുന്നത്. ബില്ലുകളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ബിൽ തുക/ നൽകിയ തിയ്യതി | ചരക്കു സേവന നികുതി 2% | ആദായ നികുതി 1% | കരാറുകാരൻ |
|---|---|---|---|---|---|
| 1 | നന്മണ്ട ഹൈസ്കൂൾ- പറയരു കുന്നത്ത് റോഡ് | 208482.25<br>30.11.2018 | 4170 | 2085 | ശ്രീ മൊയ്തീൻ കോയ. പി പി പൂവ്വപ്പൊയിൽ നന്മണ്ട |
| 2 | എടവനക്കണ്ടി-വയ്യോക്കിൽ | 223434.3 | 4469 | 2234 | ,, |

| | | | | | |
|---|---|---|---|---|---|
| | ഫൂട് പാത്ത് | 30.11.2018 | | | |
| 3 | വെള്ളത്തേടത്ത് ഭുവനേശ്വരി റോഡ് | 232666.4<br>30.11.2018 | 4653 | 2326 | ,, |
| 4 | കോറോത്ത് താഴം ഉദയ ലൈബ്രറി ഫൂട് പാത്ത് | 71433.86<br>30.11.2018 | 1429 | 714 | ശ്രീ രജീഷ് കുമാർ കോവുമ്മൽ, കായണ്ണ |
| | | ആകെ | 14721 | 7359 | |

ചരക്ക സേവന നികുതി,ആദായ നികുതി എന്നിവ യഥാസമയം ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 7/18-19 തി 19.10.2020) ലഭിച്ച മറുപടിയിൽ കരാറുകാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മേൽപ്പറഞ്ഞ നികുതികൾ അടച്ച് വിശദാംശങ്ങൾ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-8 തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ് (ട്രേഡേഴ്സ്)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2018-19 ലെ കച്ചവടക്കാരുടെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ വിവരങ്ങളും ചേർത്ത് വാർഡ് തലത്തിൽ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പേരോ മറ്റു വിശദാംശങ്ങളോ രേഖപ്പെടുത്താത്തതിനാൽ ഡി&ഒ രജിസ്റ്ററുമായി താരതമ്യം ചെയ്യുന്നതിനോ തൊഴിൽനികുതി അടയ്ക്കാത്തവരെ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനോ കഴിയില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ 611 സ്ഥാപനങ്ങളുണ്ട് .എന്നാൽ ഡി&ഒ രജിസ്റ്റർ പ്രകാരം 661 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിനു (4/2018-19 തി 15.10.2020) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-9 രശീത് പിരിവിലെ അപാകതകൾ

ഫീൽഡ് തലത്തിലുള്ള നികുതി പിരിവിന് മാന്വൽ രശീത് ബുക്കുകളാണ് പഞ്ചായത്ത് ഉപയോഗിക്കുന്നത് . ഇത്തരത്തിൽ ഉപയോഗിച്ച രശീത് ബുക്കുകൾ സാംഖ്യയിൽ പോസ്റ്റിംഗ് നടത്തിയാണ് അക്കൗണ്ട് ചെയ്യുന്നത്. എന്നാൽ ഇത്തരത്തിൽ പോസ്റ്റിംഗ് നടത്തുമ്പോൾ രശീത് പ്രകാരമുള്ള തുകകളും സാംഖ്യയിൽ അക്കൗണ്ട് ചെയ്ത തുകകളും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. ഉദാ- ശ്രീ.ബിജു.(ക്ലർക്ക്) 12.10.2018 തിയ്യതിയിൽ പിരിവ് നടത്തിയ 2841/81 മുതൽ 86 വരെയുള്ള രശീതുകൾ സാഖ്യയിലേക്ക് പോസ്റ്റ് ചെയ്തതിൽ പിഴപലിശയായി പിരിച്ചെടുത്ത തുകയിൽ 6 രൂപ കുറച്ചാണ് സാംഖ്യയിൽ പോസ്റ്റ് ചെയ്തിട്ടുള്ളത്. അപാകത ശ്രദ്ധയിൽപെടുത്തിയപ്പോൾ ആയത് തിരുത്തി ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ് സംഖ്യ എഡിറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ, ഡിമാന്റിന് അനുസൃതമായി രശീത് പ്രകാരമുള്ള തുക അഡ്ജസ്റ്റ് ചെയ്ത് പോസ്റ്റ് ചെയ്യുന്നതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകുന്നത് എന്നാണ് സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുന്ന ജീവനക്കാരൻ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുന്നതിന് സോഫ്റ്റ്‌വെയറിൽ മതിയായ മാറ്റങ്ങൾ വരുത്തുന്നതിന് സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തോട് ആവശ്യപ്പെടേണ്ടതാണ്. ഓഡിറ്റ് സമയത്ത് വിഷയം ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് പോസ്റ്റിംഗ് എഡിറ്റ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ചതിനാൽ 2 വർഷങ്ങൾക്ക് മുൻപ് നടത്തിയ രശീത് പോസ്റ്റിംഗ് നിലവിലും എഡിറ്റ് ചെയ്യാനുള്ള സൗകര്യം നൽകുന്നത് മുൻവർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിൽ മാറ്റം വരുന്നതിന് കാരണമാകും.

ഒന്നാം അർദ്ധവർഷത്തെ വസ്തുനികുതി പിഴ കൂടാതെ അടവാക്കാനുള്ള അവസാന തിയ്യതി സെപ്റ്റംബർ 30 ആണ്. വീഴ്ച വരുത്തിയാൽ പ്രതിമാസം ഒരു ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയതായി കാണുന്നു. ഉദാ – 2840/1 മുതൽ 80 വരെയുള്ള രശീതുകൾ , 2898/1 മുതൽ 98 വരെയുള്ള രശീതുകൾ , 2824/19 മുതൽ 32 വരെയുള്ള രശീതുകൾ എന്നിവ മുഖേനയുള്ള വസ്തുനികുതി പിരിവ് .

30.04.2018 തിയ്യതിയിലെ 11803100285 നമ്പറായി ശ്രീ.മുഹമ്മദ് നാസർ എന്നവരുടെ പേരിൽ ജനറേറ്റ് ചെയ്ത രശീത് "cancelled due to poor printing" എന്ന് കാരണം രേഖപ്പെടുത്തി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഡിമാന്റ് പ്രകാരമുള്ള തുക അന്നേ ദിവസത്തെ സാംഖ്യ രശീതുകൾ മുഖേന ഈടാക്കിയതായി കാണുന്നില്ല. 118030104331 നമ്പർ രശീത് സാംഖ്യയിൽ ജനറേറ്റ് ചെയ്തിട്ടുള്ളത് ബീന എന്നവരുടെ പേരിലാണ്. എന്നാൽ ഹാർഡ് കോപ്പിയിൽ പേര് പേന കൊണ്ട് തിരുത്തി അനീറ്റ എന്നവരുടെ പേരിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ സാംഖ്യയിൽ മേൽ രശീത് ബീന എന്നവരുടെ പേരിൽ അനുവദിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച 30251 നമ്പർ രശീത് ബുക്കിലെ 51 നമ്പർ രശീത് അസ്സൽ റദ്ദ് ചെയ്തിട്ടുണ്ട്. 18.12.2018 തീയതിയിൽ ശൈലജ, മേലെ ആറാങ്കോട്ട് എന്നിവരുടെ പേരിൽ 200 രൂപ രേഖപ്പെടുത്തിയ അസ്സൽ രശീത് ആണ് റദ്ദ് ചെയ്തിട്ടുള്ളത്. പ്രസ്തുത രശീത് പ്രകാരമുള്ള തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. എന്നാൽ ബന്ധപ്പെട്ട രശീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. രശീത് റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ ഡ്യൂപ്ലിക്കേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മാനുവൽ രശീതുകൾ മുഖേനയുള്ള വരവിന്റെ കൃത്യത ജൂനിയർ സൂപ്രണ്ട് പരിശോധിച്ച് ഉറപ്പാക്കുന്നുണ്ടെങ്കിലും ചില ദിവസങ്ങളിൽ അത്തരത്തിലുള്ള പരിശോധനകൾ നടന്നിട്ടില്ല.അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും 30251 നമ്പർ രശീത് ബുക്കിലെ 51 നമ്പർ രശീതിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-10 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല- ഡി&ഒ ലൈസൻസ് ഡിമാന്റിൽ കുറവ്.

2018-19 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന് ആധികാരികത കാണുന്നില്ല. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 661 പേർക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം 883 ആണെന്നും വ്യക്തമായിട്ടുണ്ട്. 222 ഓളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടാകാനുള്ള സാധ്യത ഉണ്ടെങ്കിലും പഞ്ചായത്ത് ഇത്തരത്തിൽ ഒരു പരിശോധന നടത്തിയിട്ടില്ല. മാത്രമല്ല പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ വ്യാപരസ്ഥാപനങ്ങൾ പോലും ഉൾപ്പെട്ടിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. 661 ഡിമാന്റുകളിൽ നിന്നും 2018-19 വർഷത്തിൽ 262450 രൂപയാണ് ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് വരവുള്ളത്.(ശരാശരി-397 രൂപ).

2. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 7 സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുകയോ, ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

3. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള 2871 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2018-19 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 661 പേർ മാത്രമാണ് ഡി&ഒ ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 2210 കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങളുപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2871 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. പരാമർശങ്ങളിന്മേൽ പരിഹാരനടപടികൾ കൈക്കൊണ്ട് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 ഫയർ & റസ്ക്യു നിരാക്ഷേപപത്രമില്ലാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു.

എസ്.ബി സുഭിഷിത്ത് ലാൽ, എസ്.ബി സരിത്ത്, എസ്.ബി ബ്ലോസ്സം, പി.എൽ.ഷിജിത്ത്, നടുവത്തൂർ പി.ഒ എന്നവർക്ക് 920.79 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായി 23.06.2018 ലെ A5-BA(146951)/2018 (137/2018-19) നമ്പറായി നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പെർമിറ്റിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് ഫയർ & റസ്ക്യ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.02.2019 ലെ എ5/803/19 നമ്പറായുള്ള പൂർത്തീകരണ അപേക്ഷയിന്മേൽ 6/120 എ നമ്പർ അനുവദിച്ച് 62323 രൂപ വാർഷിക വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ പെർമിറ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഫയർ & റസ്ക്യ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 20.10.20 തിയ്യതിയിൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിടം-തുടർ നടപടികളിൽ വീഴ്ച.

അനധികൃത കെട്ടിടങ്ങളിന്മേൽ കെ.പി.ബി.ആർ, കെ.പി.ആർ ആക്റ്റ് എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടമുണ്ടാവുകയും പൊതുജന സുരക്ഷക്ക് ഭീഷണി ഉണ്ടാവുകയും ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നം- എ5/5052/18, തി.06.07.2018

കെ.പി.അലി , സുഹറ കിഴക്കെ വീട്ടിൽ, നന്മണ്ട എന്നിവരുടെ അപേക്ഷ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി 11.03.2009 തിയ്യതിയിലെ എ3/407/08-09 നമ്പർ പെർമിറ്റ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിലവിലുള്ള 333.12 ചതുരശ്ര മീറ്റർ തറനിലയുടെ മുകളിലായി 414.12 ച.മീ ഒന്നാം നിലയും 414.12 ച.മീ രണ്ടാം നിലയും പണിയുന്നതിന് അനുമതി നൽകുകയും പ്രസ്തുത പെർമിറ്റിന്റെ കാലാവധി 10.03.2018 തിയ്യതിയിൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 05.07.2018 ന് സങ്കേതം മുഖേന സമർപ്പിച്ച അധിക നിർമ്മാണത്തിനുള്ള പുതിയ അപേക്ഷയിൽ അപേക്ഷകൻ 333.12 തറനിലയും 420.03 ച.മീ ഒന്നാം നിലയും നിലവിലുള്ളതായും രണ്ടാം നിലയിൽ 398.49 ച.മീ അധിക നിർമ്മാണത്തിനുള്ള അനുമതിക്കുമായാണ് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. പ്ലാനിൽ രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ സ്കെച്ചും യഥാർത്ഥ കെട്ടിടവും തമ്മിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു ,പ്ലാനിൽ കാണിച്ചത് പ്രകാരമുള്ള പാർക്കിംഗ് സൈറ്റിൽ പ്രായോഗികമല്ല, ഫയർ&റസ്ക്യ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമല്ല, മതിയായ ശുചിമുറികൾ ഇല്ല, എന്നിവ ഉൾപ്പെടെയുള്ള 6 അപാകതകൾ ചൂണ്ടികാണ്ടി പഞ്ചായത്ത് ടിയാന്റെ അപേക്ഷ നിരസിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137, 138 എന്നിവ പ്രകാരം അനധികൃതമായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 20.10.2020 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ തറനില, ഒന്നാം നില എന്നിവ നിലവിലുള്ളതായും രണ്ടാം

നിലയുടെ പണി ആരംഭിച്ചതായും വ്യക്തമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കാത്തത് മൂലം അപേക്ഷകൻ കെട്ടിട നിർമ്മാണചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടം യാതൊരുവിധ ബുദ്ധിമുട്ടുകളും ഇല്ലാതെ ഉപയോഗപ്പെടുത്തി വരികയാണ്. മാത്രമല്ല പഞ്ചായത്ത് രേഖകളിൽ ഉൾപ്പെടാത്ത 420.03 ച.മീ വിസ്തീർണ്ണമുള്ള ഒന്നാം നിലയുടെ വസ്തുനികുതിയിൽ നിന്നും കെട്ടിട ഉടമക്ക് ഒഴിവും ലഭിച്ചിട്ടുണ്ട്.(വാർഷിക വസ്തുനികുതി ഏകദേശം 28352 രൂപ) കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച പ്രസ്തുത കെട്ടിടം പൊതുജനസുരക്ഷക്ക് ഭീഷണിയാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 20.10.20 തിയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 22/18-19 ന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം അനധികൃതമായി പരിഗണിച്ച് പൊളിച്ച് മാറ്റുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 പെർമിറ്റ് അനുവദിച്ചതിലെ അപാകത

ശ്രീ.നജീബ് കളമുള്ളകണ്ടി, ബാലുശ്ശേരി മുക്ക് എന്നവർക്ക് 21.02.2019 തിയ്യതിയിലെ എ5/ബി.എ(137353)2019 നമ്പർ പെർമിറ്റ് മുഖേന 273.52 ച.മീ വിസ്തീർണ്ണമുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. അപേക്ഷയിൽ ടിയാൻ വിറ്റതായ ഭൂമി (സർവ്വെ നം-33/31) ഉൾപ്പെടെയുള്ള ഭാഗം നിലവിൽ കൈവശത്തിലുള്ളതായി രേഖപ്പെടുത്തിയാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയോടൊപ്പം ഹാജരാക്കിയ 23.01.2019 തിയ്യതിലെ 37559137 നമ്പറായുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ വിസ്തീർണ്ണം 7.03 ആർ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ സർവ്വെ നം 33/31 ലെ ഏകദേശം 4.5 സെന്റിലധികം ഭൂമിയും കെട്ടിടവും വിറ്റതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്ലാൻ തയ്യാറാക്കിയ എൽ.ബി.എസ് (ശ്രീ.നിജീഷ്.കെ,കിഴക്കയിൽ,നന്മണ്ട) ഉടമയുടെ കൈവശത്തിലല്ലാത്ത ഭൂമി ഉൾപ്പെടെ തറവിസ്തീർണ്ണാനുപാതം, വ്യാപ്തി എന്നിവ കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുണ്ട്. പ്ലാനിൽ കാണിച്ചത് പ്രകാരമുള്ള പാർക്കിംഗ് സൈറ്റിൽ പ്രായോഗികമല്ലായിരുന്നു. മേൽ വസ്തുതകൾ അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയ ഓവർസിയറും പരിശോധിച്ചതായി കാണുന്നില്ല. ശ്രീ.നജീബ് കളമുള്ളകണ്ടി മറ്റ് വ്യക്തികൾക്കായി വിറ്റ കെട്ടിടത്തിന്റെ പാർക്കിംഗിനായി മാറ്റിവെച്ച സ്ഥലം നിലവിൽ ആരുടെ ഉടമസ്ഥതയിലാണെന്നത് പരിശോധിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ടിയാൻ വിൽപന നടത്തിയ കെട്ടിടത്തിന് ചട്ടപ്രകാരമുള്ള പാർക്കിംഗ് നിലവിലുണ്ടോ എന്നതും വ്യക്തമല്ല. മേൽ വസ്തുതകൾ പരിഗണിക്കാതെ പെർമിറ്റ് അനുവദിക്കുകയും 10.01.2020 ലെ പൂർത്തീകരണ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 7/585,A,B,C,D,E,F എന്നീ നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

20.10.2020 തിയ്യതിയിൽ ഓഡിറ്റ് ആവശ്യപ്പെട്ടത് പ്രകാരം സ്ഥലപരിശോധന നടത്തിയ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരമല്ല സൈറ്റിലെ അവസ്ഥയെന്നത് വ്യക്തമായിട്ടുണ്ട്. അപേക്ഷയിൽ കാണിച്ച പ്രകാരമുള്ള ഭൂമി സൈറ്റിൽ ലഭ്യമല്ലാതിരുന്നിട്ടും കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ച് നൽകുകയും കെട്ടിടം ക്രമവത്കരിച്ച് നൽകുകയും ചെയ്ത നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ശ്രീ.നജീബ് കളമുള്ളകണ്ടി എന്നവരിൽ നിന്നും പുതുക്കിയ പ്ലാൻ ലഭ്യമാക്കി ആയത് പുനപരിശോധിക്കേണ്ടതും , വിൽപന നടത്തിയ കെട്ടിടത്തിന് ചട്ട പ്രകാരമുള്ള പാർക്കിംഗ് ലഭ്യമാണോ എന്നതും പരിശോധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-14 സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മാണം - മറ്റപാകതകളും

പ്രോജക്ട് : മണിക്കോത്ത് റോഡ് (44/19)

അടങ്കൽ : 5,00,000/- സംരക്ഷണ ഗ്രാന്റ് റോഡ്

ചെലവ് : 5,00,000/- ബിൽ നം.40/18-19/29.1.19

2018-19 വർഷത്തിൽ നടപ്പാക്കിയ മണിക്കോത്ത് റോഡ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 5,00,000/- രൂപ എസ്റ്റിമേറ്റ് വരുന്ന ഈ പ്രവൃത്തി ഇ-ടെണ്ടർ ചെയ്യാതെ മാന്വവൽ ടെണ്ടർ നടപടികളിലൂടെയാണ് നടപ്പാക്കിയത്.

2. പഞ്ചായത്ത് പരിധിയിലെ റോഡുകളിൽ മെയിന്റനൻസ് പ്രവൃത്തികളൊന്നും നടപ്പാക്കാനില്ലാത്ത സാഹചര്യങ്ങളിൽ ആയത് ഉറപ്പാക്കി ഇതിനായി ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് പുതിയ നിർമ്മാണങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ മെയിന്റനൻസ് പ്രവൃത്തികൾ ആവശ്യമായിരിക്കെ, ഈ ഗ്രാന്റ് ഉപയോഗപ്പെടുത്തി പുതിയ റോഡിന്റെ നിർമ്മാണം നടത്തിയിരിക്കുന്നു. എം.ബുക്ക് 37/18-19 പ്രകാരം 105 മീറ്ററോളം നീളത്തിൽ സബ് ഗ്രേഡ് ഫോർമേഷൻ, ഗ്രാനുലാർ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം എന്നിവയും. ബാക്കി 106 മീറ്റർ നീളത്തിൽ നിലവിലുള്ള സോളിംഗിനു മുകളിൽ വെറ്റ് മിക്സ് മെക്കാഡം നൽകി ടാർ പ്രവൃത്തിയും നടത്തി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പഞ്ചായത്തിൽ പ്ലാൻഫണ്ട് കുറവായതിനാൽ പുതിയ നിർമ്മാണവും, റീടാറിംഗും ഒരുമിച്ച് ചെയ്യുകയാണുണ്ടായതെന്ന് വിവരിച്ചു.

3. എസ്റ്റിമേറ്റിൽ ഇനം 6 ആയി പ്ലാസ്റ്റിക് റോഡിനം ഉൾപ്പെടുത്തിയിരുന്നു. കരാറുകാരൻ നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയോയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാമെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചത്.

എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത പ്രകാരം പ്രവൃത്തി നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താതെയാണ് തുക നൽകിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൃത്യമായ മേൽനോട്ടമില്ലാതെയും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയും പ്രവൃത്തി നിർവ്വഹണം നടത്തുന്നത് ശരിയായ നടപടിയല്ല. പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-15 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

2018-19 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചാൽ ഭൂരിഭാഗം എസ്റ്റിമേറ്റുകളും യഥാർത്ഥ്യ ബോധത്തോടെയല്ല തയ്യാറാക്കുന്നതെന്ന് കാണാം. വിവിധ മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികൾ ആരംഭിച്ച ശേഷം/പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റുകൾ പുതുക്കുന്നതായും, പദ്ധതിയിൽ/എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി നിർമ്മാണങ്ങൾ നടത്തുന്നതായും, കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.<u>ഓപ്പൺ എയർ സ്റ്റേജ് നവീകരണം, പ്രോ.നം.169/19</u>

ഈ പദ്ധതിയിൽ പഞ്ചായത്ത് ഓഫീസിനു മുന്നിലുള്ള ഓപ്പൺ എയർ സ്റ്റേജിന്റെ ഫാൾസ് സീലിംഗ് പ്രവൃത്തിയും, സ്റ്റേജിന് പുറകിലായി ഗ്രീൻറൂമിന്റെ നിർമ്മാണവുമാണ് ചെയ്തത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിർമ്മാണം പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കിയതായി കാണുന്നു. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത്, ആദ്യ എസ്റ്റിമേറ്റിൽ 0.5mm കനമുള്ള ഷീറ്റ് ഉപയോഗിച്ചുള്ള റൂഫ് നിർമ്മാണമാണ് ഉൾപ്പെടുത്തിരുന്നതെന്നും, എന്നാൽ നിലവിൽ നിർമ്മാണം നടത്തിയിരിക്കുന്നത് 0.35mm കനത്തിലുള്ള ഷീറ്റ് ഉപയോഗിച്ചാണെന്നും, അതിനാൽ ഈയിനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നുവെന്നുമാണ്. പഞ്ചായത്ത് ഓഫീസിനു ചേർന്നു കിടക്കുന്ന ഈ നിർമ്മാണ വേളയിൽ പോലും കൃത്യമായ മേൽനോട്ടം ബന്ധപ്പെട്ട ഓഫീസർമാർ നടത്തിയിരുന്നില്ല എന്നു വേണം അനുമാനിക്കാൻ. കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കുമോയെന്ന് പരിശോധിച്ചതായി കാണുന്നില്ല. ഇതേ പ്രവൃത്തിയിൽ ചെയ്ത സ്റ്റേജിന്റെ ഫാൾസ് സീലിംഗ് പ്രവൃത്തി പലയിടത്തും തകർന്നിട്ടുണ്ടെന്നും, ആയത് റിപ്പയർ ചെയ്യണമെന്നും കാണിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ഏതാനും മാസത്തിനകം തന്നെ കരാറുകാരന് അറിയിപ്പ് നൽകിയതായി ഫയലിൽ കാണുന്നു. എന്നാൽ ഓഡിറ്റ് സമയത്തും, സ്റ്റേജിന്റെ റിപ്പയർ നടന്നിട്ടില്ല. പലയിടത്തും ഫാൾസ് സീലിംഗ് തകർന്ന നിലയിലാണ്. ഗ്യാരണ്ടി പീരിയഡിനുള്ളിൽ തകരാറ് സംഭവിച്ചതിനാൽ ഈ വിഷയത്തിൽ കരാറുകാരനെതിരെ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2.<u>പുലിക്കുൽപാറ കൊറ്റാലിതാഴം റോഡ്, പ്രോ.നം.153/19</u>

2017-18 വർഷത്തിൽ വിഭാവനം ചെയ്ത ഈ പ്രവൃത്തി 2017 ഡിസംബറിൽ ടെണ്ടർ ചെയ്ത് മൊയ്തീൻകോയ എന്ന കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവരുമായി കരാർ ചമച്ചിരിക്കുന്നത് 2.2.18 ലാണ്. ഇതിനു ശേഷം 12.2.18 ലെ പഞ്ചായത്ത് തീരുമാനപ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനിച്ചു. ഇതിനുള്ള കാരണമായി രേഖപ്പെടുത്തിയത് എസ്റ്റിമേറ്റിൽ കരിങ്കൽ കെട്ടിനിടയിൽ മണ്ണ് നിറക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയിരുന്നില്ലെന്നും ആയത് ഉൾപ്പെടുത്തി പുതുക്കുന്നുവെന്നുമാണ്. ആദ്യ എസ്റ്റിമേറ്റിൽ 50 മീറ്റർ നീളത്തിൽ സബ് ഗ്രേഡ്, ജി.എസ്.ബി. എന്നിവ നൽകി അതിനുമുകളിൽ ടാർ ചെയ്യുന്നതിനുള്ള ഇനങ്ങളും, 130 മീറ്ററോളം

നീളത്തിൽ റോഡ് സൈഡിൽ കരിങ്കൽ കെട്ട് നിർമ്മാണവുമാണ് ഉണ്ടായിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടന്നിരിക്കുന്നത് 50 മീറ്റർ നീളത്തിൽ പെനിട്രേഷൻ മെക്കാഡം നൽകി ടാക്ക് കോട്ട്, എം.എസ്.എസ്. എന്നിവയാണ്. 131 മീറ്ററോളം നീളത്തിൽ കരിങ്കൽ കെട്ട് നൽകി, അതേ നീളത്തിൽ ഏകദേശം അഞ്ച് മീറ്റർ വീതിയിൽ സബ് ഗ്രേഡ് ഫോർമേഷനും നടത്തിയിരിക്കുന്നു. ഈ സബ് ഗ്രേഡിനു മുകളിൽ തുടർ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. തുടർവർഷങ്ങളിലും ഈ റോഡിൽ പ്രവൃത്തികളൊന്നും വിഭാവനം ചെയ്തതായി കാണുന്നില്ല. ഈ റോഡ് നിലവിലും മണ്ണ് റോഡായി തുടരുകയാണോയെന്ന് വ്യക്തമല്ല. ഈ റോഡിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

3.<u>പറമ്പിച്ചേരി കേളോത്ത് വയൽ റോഡ് (പ്രോ.നം.151/19)</u>

പുതിയ റോഡിന്റെ നിർമ്മാണവും, റോഡിന്റെ സൈഡ് കരിങ്കൽ കെട്ട് നിർമ്മാണവുമാണ് വിഭാവനം ചെയ്തത്. എന്നാൽ നിർവ്വഹണ സമയം റോഡ് ഉയർത്തേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കി മുഴുവൻ നീളത്തിലും ജി.എസ്.ബി.ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്തി. സാങ്കേതികാനുമതി തുകയിൽ ഒതുക്കി എസ്റ്റിമേറ്റ് പുതുക്കിയതിനാൽ കരിങ്കൽ കെട്ട് ഒഴിവാക്കി തുക കണ്ടെത്തുകയാണുണ്ടായത്. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയം സ്ഥലം പരിശോധിക്കാതിരുന്നതാണ് ഇതിനു കാരണമായത്.

മുകളിൽ വിവരിച്ച രീതിയിൽ യാഥാർത്ഥ്യ ബോധത്തോടെയല്ലാതെയും, ശരിയായ സ്ഥല പരിശോധന നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി സമയം മേൽനോട്ടമില്ലാത്തതും ഇത്തരത്തിൽ വ്യാപകമായി എസ്റ്റിമേറ്റുകൾ പുതുക്കുന്നതിലേയ്ക്ക് വഴിവയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

## 1-16 പദ്ധതിയാസൂത്രണം ഫലപ്രദമല്ല – നാലു വർഷം പിന്നിട്ടിട്ടും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല

പട്ടികജാതി വിഭാഗത്തിനായി(സ്ത്രീകൾ) ഉത്പാദന മേഖലയിൽ വ്യവസായം, സ്വയം തൊഴിൽ സംരംഭം, വിപണന പ്രോത്സാഹനം ഉപമേഖലയായി 2016-17 വർഷത്തിൽ വനിതാ വ്യവസായ കേന്ദ്രം എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തു. ബിൽഡിംഗിന്റെ സ്ട്രക്ച്ചറിനായിട്ടാണ് ഈ പദ്ധതിയെന്നും, പൂർത്തീകരണത്തിനായി കൂടുതൽ ഫണ്ട് ആവശ്യമാണെന്നും കാണിച്ചാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 25,00,000/- അടങ്കലിൽ(13,74,300/-വികസനഫണ്ട് എസ്.സി.പി., 5,00,000/-ബ്ലോക്ക് വിഹിതം, 6,25,700/-ലോകബാങ്ക് സഹായം) പ്രസ്തുത വർഷാവസാനം ഇ-ടെണ്ടർ നടത്തി 14.9% കുറവ് നിരക്ക് രേഖപ്പെടുത്തിയ വി.അഷ്‌റഫ് എന്നയാൾക്ക് പ്രവൃത്തി നൽകി. ഈ പദ്ധതിയുടെ നിർവ്വഹണ വിവരങ്ങൾ താഴെ ചേർക്കുന്നു,

- 2016-17 വർഷത്തിൽ ഈ പദ്ധതിയിൽ ചെലവ് നടന്നിട്ടുണ്ടോയെന്ന് വ്യക്തമല്ല. 2017-18 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി വന്നപ്പോൾ അടങ്കൽ തുക 22,99,774/- രൂപയായി കുറഞ്ഞിട്ടുണ്ട്.
- കരാറുകാരനുമായി കരാർ ചമച്ച ദിവസത്തിൽ തന്നെ കെട്ടിടത്തിന്റെ വിസ്തൃതിയിൽ മാറ്റം വരുത്തി എസ്റ്റിമേറ്റ് പുതുക്കി.
- ഈ പദ്ധതിയിൽ താഴെ നിലയുടെ സ്ട്രക്ച്ചർ, ലാറ്ററൈറ്റ് ഉപയോഗിച്ച് മുറി തിരിക്കൽ, സ്റ്റെയർ നിർമ്മാണം, ഫ്ലോർ കോൺക്രീറ്റ് എന്നിവ പൂർത്തീകരിച്ചു.
- അളവു പുസ്തകം 320/16-17 പ്രകാരം ആകെ 21,28,392/- രൂപയുടെ നിർമ്മാണം നടന്നിട്ടുണ്ട് (മൂല്യനിർണ്ണയത്തുക). ഇതിൽ നികുതികൾ കിഴിച്ച് കരാറുകാരന് നൽകേണ്ടത് 20,07,917/- രൂപയാണ്. എന്നാൽ 2017-18 ലെ ഐ.കെ.എം. പത്രിക പ്രകാരം 17,99,774/- രൂപയുടെ ചെലവാണ് നടന്നിരിക്കുന്നത്. തുടർവർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും(2018-19) ആ വർഷത്തിൽ ചെലവില്ല. കരാറുകാരന് നൽകാനുള്ള ബാക്കി തുക 2017-18 ൽ പുതുതായി രൂപീകരിച്ച പ്രോജക്റ്റ് നമ്പർ 179/18 ലെ ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,00,000രൂപ 2017-18 വർഷത്തിൽ തന്നെ ലഭിച്ചിട്ടുണ്ട്. തുക തൻവർഷം ലഭിച്ചിട്ടും ഈ പദ്ധതിയിൽ/വിഹിതത്തിൽ നിന്നും കരാറുകാരനുള്ള തുക അനുവദിക്കാതെ മറ്റൊരു പ്രോജക്റ്റിൽ നിന്നും നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ പ്രോജക്റ്റിനു പുറമേ 2017-18 ൽ മറ്റു മൂന്നു പുതിയ പദ്ധതികൾ ഈ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് രൂപീകരിച്ചു.

| ക്രമ നം. | പദ്ധതി വിശദാംശം | അടങ്കൽ/ഫണ്ടിനം | പ്രവൃത്തി വിശദാംശം |
|---|---|---|---|
| 1 | വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം 179/18 | 21,00,000/- (20,50,000/- ജില്ലാപഞ്ചായത്ത് വിഹിതം,50,000/- വികസനഫണ്ട് എസ്.സി.പി.) | ലാറ്ററൈറ്റ് ഭിത്തി, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ലോറിംഗ്, റോളിംഗ് ഷട്ടർ, വാട്ടർ ടാങ്ക്, സാനിറ്ററീസ് ഹാന്റ് റൈൽ, സോക്ക് പിറ്റ്, സ്റ്റെപ്പ്, റാമ്പ് എന്നിവയുടെ നിർമ്മാണങ്ങൾ |
| 2 | വനിതാ വ്യവസായ കേന്ദ്രം വൈദ്യുതീകരണം 180/18 | 3,00,000/- (2,75,000/- ജില്ലാപഞ്ചായത്ത് വിഹിതം,25,000/- വികസനഫണ്ട് എസ്.സി.പി.) | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ എക്സി.എഞ്ചിനീയർക്ക് ഡെപ്പോസിറ്റായി നൽകി |
| 3 | വനിതാ വ്യവസായ കേന്ദ്രം ലൈൻ നീട്ടൽ, കണക്ഷൻ ചാർജ്ജ് 183/18 | 2,00,000/- (1,75,000/- ജില്ലാപഞ്ചായത്ത് വിഹിതം,25,000/- വികസനഫണ്ട് എസ്.സി.പി.) | കെ.എസ്.ഇ.ബി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടത്തി |

ഇതിൽ മൂന്നാമതായി ഉൾപ്പെടുത്തിയ പദ്ധതി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായാണ് നടപ്പാക്കിയത്. 2017-18 വർഷാവസാനത്തിൽ വിഭാവനം ചെയ്ത മേൽ പ്രവൃത്തികളെല്ലാം സ്പിൽ ഓവറായി 2018-19 ൽ വരുകയും, ജില്ലാ പഞ്ചായത്ത് വിഹിതം ആകെ 25,00,000/- രൂപ ലഭിച്ചതിൽ യഥാക്രമം 14,90,132/-, 2,75,000/-, 1,69,333/- രൂപ വീതം ചെലവഴിക്കുകയും ചെയ്തു.

ക്രമനമ്പർ 1 പ്രകാരമുള്ള പദ്ധതിയുടെ 2018-19 ലെ പ്രവൃത്തി വിശദാംശം താഴെ ചേർക്കും വിധമാണ്.

- ഇ-ടെണ്ടർ നടത്തി 5.28% കുറവ് നിരക്ക് ക്വാട്ട് ചെയ്ത പി.പി.മൊയ്തീൻകോയ എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു.
- മുകളിലെ ടേബിളിൽ വിവരിച്ച പ്രകാരമുള്ള നിർമ്മാണങ്ങളാണ് ഈ പ്രോജക്ടിൽ നടന്നിട്ടുള്ളത്.
- അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം(എം.ബുക്ക് നം.63/18-19)ആകെ 12,09,914/- രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ട്. മെമ്മോ ഓഫ് പെയ്മെന്റ് പ്രകാരം 1% വീതം ആദായനികുതി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി.(സംസ്ഥാനം), ജി.എസ്.ടി.(കേന്ദ്രം) എന്നിവ (12100 രൂപ നിരക്കിൽ ആകെ 48,000 രൂപ)കുറച്ച് ബാക്കി 11,61,514/- രൂപ കരാറുകാരന് നൽകി.
- ആദ്യ പാർട്ട് ബിൽ തുക നൽകുമ്പോൾ ഈടാക്കേണ്ട 10% റീടെഷൻ തുക കണക്കാക്കി കരാറുകാരന് നൽകിയ തുകയിൽ കുറവു വരുത്തിയില്ല.
- 2018-19 ലെ ഐ.കെ.എം. ചെലവു പത്രിക പ്രകാരം ഈ പദ്ധതിയുടെ ചെലവ് 14,90,132/- രൂപയാണ്. ഈ പദ്ധതിയിൽ കരാറുകാരൻ മൊയ്തീൻകോയയ്ക്ക് നൽകേണ്ട തുകയും, മുൻവർഷത്തെ പദ്ധതിയിൽ കരാറുകാരൻ അഷ്റഫിന നൽകാൻ ബാക്കിയുണ്ടായിരുന്ന 3,28,618/-രൂപയും ചേർത്തുള്ള തുകയാണിത്.
- മെമ്മോ ഓഫ് പെയ്മെന്റിൽ നികുതി തുകകൾ കണക്കാക്കിയിട്ടുണ്ടെങ്കിലും ഈ തുക ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല.

2018-19 വർഷത്തിൽ നാലു പുതിയ പ്രോജക്ടുകൾ കൂടി ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കി.

| ക്രമ നം. | പദ്ധതി വിശദാംശം | അടങ്കൽ/ഫണ്ടിനം | പ്രവൃത്തി വിശദാംശം |
|---|---|---|---|
| 1 | വനിത വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം 74/19 | 50,50,000/- (50,00,000 ജില്ലാപഞ്ചായത്ത് വിഹിതം, 50,000 തനതുഫണ്ട് | ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം,ഫ്ലോറിംഗ്, പെയിന്റിംഗ്, സാനിറ്ററീസ്, രണ്ടാം നില പാരപെറ്റ് ഷീറ്റ് റൂഫ്,മുറ്റം ഇന്റർലോക്ക്, നെയിംബോർഡ് തുടങ്ങിയ നിർമ്മാണങ്ങൾ |
| 2 | വനിത വ്യവസായ കേന്ദ്രം രണ്ടാം നില പൂർത്തീകരണം 214/19 | 5,00,000/ ബ്ലോക്ക് വിഹിതം | രണ്ടാം നില പാരപെറ്റ്/വാൾ, എം.എസ്.ഗ്രിൽ നിർമ്മാണം |
| 3 | വനിത വ്യവസായ കേന്ദ്രം ഷീറ്റിടൽ 2201/9 | 1,00,000/- വികസനഫണ്ട് എസ്.സി.പി. | വ്യവസായ കേന്ദ്രത്തിനു മുന്നിൽ ഷീറ്റിടൽ |
| 4 | വനിത വ്യവസായ കേന്ദ്രം കുഴൽ കിണർ 210/19 | 60,000/-ബ്ലോക്ക് ഷെയർ | കുഴൽ കിണർ നിർമ്മാണം |

ക്രമനമ്പർ നാലാമതായി കാണിച്ച പദ്ധതി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്തതാണ്. മേൽ പദ്ധതികളിലൊന്നും തൻവർഷം ചെലവില്ല. ക്രമനമ്പർ 1, 2 എന്നിവയുടെ ചെലവ് 2019-20 വർഷത്തിലുണ്ടായിട്ടുണ്ട്.

- ക്രമനമ്പർ 1 ലെ പ്രോജക്ടിനായുള്ള ജില്ലാപഞ്ചായത്ത് വിഹിതം 50,00,000/- 2018-19 കാലയളവിൽ തന്നെ ലഭിച്ചിട്ടുണ്ട്.
- 2019-20 കാലയളവിൽ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണവും, ഭൂരിഭാഗം സാനിറ്ററി പ്രവൃത്തികളും പൂർത്തീകരിച്ച് കരാറുകാരന് ആദ്യ പാർട്ട് ബിൽ നൽകിയിട്ടുണ്ട്.
- അളവ് പുസ്തകപ്രകാരം ആകെ പ്രവൃത്തി മൂല്യം 27,62,019/- രൂപയാണ്. ഇതിൽ നിന്നും 1% വീതം ആദായനികുതി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി.(സംസ്ഥാനം), ജി.എസ്.ടി.(കേന്ദ്രം) എന്നിവയും, 10% റീടെഷൻ തുകയും കുറച്ച് 23,75,302/- രൂപ കരാറുകാരന് നൽകി. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും ഈ തുക മാത്രമേ പിൻവലിച്ചിട്ടുള്ളൂ.
- ക്രമനമ്പർ 2 പ്രകാരമുള്ള പദ്ധതിയിൽ വിഭാവനം ചെയ്ത രണ്ടാം നിലയുടെ പാരപെറ്റ്/ഭിത്തി നിർമ്മാണം ആദ്യത്തെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതായിരുന്നു. ഈ പ്രവൃത്തി നടന്നു കഴിഞ്ഞതിനാൽ രണ്ടാമത്തെ പ്രോജക്ട് പുതുക്കി രണ്ടാം നിലയുടെ ഫ്ലോറിംഗ് ഉൾപ്പെടുത്തി.
- ആ പദ്ധതിയ്ക്കായുള്ള ഫണ്ട് ബ്ലോക്ക് വിഹിതം 2016-17 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതിയ്ക്കായി ലഭിച്ച(2017-18 വർഷത്തിലാണ് ഇത് ലഭിച്ചത് )തുകയാണ്.
- ഈ രണ്ടു പദ്ധതികളും ഏറ്റെടുത്തിരിക്കുന്നത് ഒരേ കരാറുകാരനാണ്. ആദ്യ പദ്ധതി 9.53% കുറവ് നിരക്കിൽ ഏറ്റെടുത്തപ്പോൾ, രണ്ടാമത്തെ പദ്ധതി എസ്റ്റിമേറ്റ് നിരക്കിലാണ് ഏറ്റെടുത്തത്.
- ആദ്യ പദ്ധതിയിൽ ഭേദഗതികൾ ഉൾപ്പെടുത്തി രണ്ടാമത്തെ പ്രവൃത്തി നടത്തിയിരുന്നെങ്കിൽ ആദ്യ പ്രോജക്ടിൽ ലഭ്യമായ കുറഞ്ഞ നിരക്കിൽ നിർമ്മാണം സാധ്യമാകുമായിരുന്നു.

- നികുതികൾ കുറച്ച് 4,78,012/- രൂപ കരാറുകാരന് നൽകി.

2019-20 വീണ്ടും രൂപീകരിച്ച പദ്ധതികൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി വിശദാംശം | അടങ്കൽ/ഫണ്ടിനം | പ്രവൃത്തി വിശദാംശം |
|---|---|---|---|
| 1 | വനിതാ വ്യവസായ കേന്ദ്രം കെട്ടിടം സംരക്ഷണഭിത്തി നിർമ്മാണം 215/20 | 4.41,000/-<br>1,28,000 തനതുഫണ്ട്, 3,13,000/ ജില്ലാപഞ്ചായത്ത് വിഹിതം | സംരക്ഷണഭിത്തി നിർമ്മാണം |
| 2 | വനിതാ വ്യവസായ കേന്ദ്രം കുടിവെള്ളം എത്തിക്കൽ 251/20 | 3,20,000/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും വെള്ളം ലഭ്യമാക്കാനുള്ള പ്രവൃത്തികൾ |

ഈ രണ്ടു പദ്ധതിക്കും ഓഡിറ്റ് സമയം വരെ ചെലവില്ല. ക്രമനമ്പർ 1 ലെ പദ്ധതിക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം മുൻവർഷത്തിൽ ലഭിച്ച തുകയിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

2020-21 വർഷത്തിൽ നാലു പദ്ധതികൾ സ്പിൽ ഓവർ തുടരുന്നു. മുകളിൽ വിവരിച്ച വിധം അനേകം പദ്ധതികൾ വിഭാവനം ചെയ്തിട്ടും ഓഡിറ്റ് സമയം വരെ ഈ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.1.2018 ലെ ഖണ്ഡിക 3.5.1.9 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പുറമേ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങളെയും ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് ആയി വേണം തയ്യാറാക്കാൻ. ഈ നിർദ്ദേശം നിലനിൽക്കേയാണ് മുകളിൽ വിവരിച്ച വിധം ഒൻപത് പദ്ധതികൾ പല വർഷങ്ങളിലായി തയ്യാറാക്കിയത്. പട്ടികജാതി വിഭാഗത്തിനായി നിർമ്മിക്കുന്ന മേൽ കെട്ടിടം ഏതു വിധം ഉപയോഗപ്പെടുത്താനാണെന്ന് വ്യക്തമല്ല. ഈ വിഭാഗങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിൽ ഒരിക്കൽ പോലും ഈ വിഷയത്തിന്റെ ചർച്ചകൾ നടന്നതായി കാണുന്നില്ല. വൻതുക മുതൽ മുടക്കിയുള്ള ഇത്തരം പദ്ധതികൾ രൂപീകരിക്കുന്നതിനു മുമ്പ് ഇവ ഫലപ്രാപ്തിയിലെത്തിക്കാനാകുമോയെന്നത് സംബന്ധിച്ച സാധ്യതാ പഠനം നടന്നതായി കാണുന്നില്ല. മറ്റു തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടുകൾ വൻതോതിൽ അടങ്കലായി കാണിച്ച് സംയുക്ത പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും, എന്നാൽ ഇത്രയും തുകയ്ക്കുള്ള നിർമ്മാണങ്ങൾ നടക്കാതെ വരുമ്പോൾ, ബാക്കി തുക ഉപയോഗിച്ച് തുടർവർഷത്തിൽ പുതിയ പദ്ധതികൾ നിർമ്മിക്കുകയും ചെയ്യുന്ന രീതിയാണ് ഇവിടെ നടന്നിട്ടുള്ളത്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ ശരിയായി പാലിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നതിനാലാണ് യഥാസമയം ഫണ്ട് മറ്റു സ്ഥാപനത്തിൽ നിന്ന് ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നത്. പദ്ധതിയാസൂത്രണ മാർഗ്ഗരേഖ 11/2018 ലെ ഖണ്ഡിക3.5.4.4 പ്രകാരം സംയുക്ത പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനമാണ് വിശദമായ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടത്. എന്നാൽ ഈ പദ്ധതി ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടത്താതെ ഗ്രാമപഞ്ചായത്ത് നിർവ്വഹണം ചെയ്തതിന്റെ സാഹചര്യം വ്യക്തമല്ല. നാളിതു വരെ ഈ പദ്ധതിക്കായി എത്ര രൂപ ലഭിച്ചുവെന്നും, എത്ര രൂപ വീതം ചെലവു വന്നു, ബാക്കിയെത്ര രൂപയുണ്ട് എന്നതു സംബന്ധിച്ച കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഈ കണക്ക് ലഭ്യമല്ലാതിരിക്കുമ്പോഴാണ് (മുൻ പദ്ധതികളിൽ നിലവിലും നിർമ്മാണങ്ങൾ നടക്കുകയും, പല ബില്ലുകളിലെ നികുതികളും, റീടെഷൻ തുകയും പിൻവലിക്കാതെയും അവശേഷിക്കുന്നു) പ്രസ്തുത തുകയിൽ ബാക്കിയുണ്ടാകുമെന്ന അനുമാനത്തിൽ പുതിയ പ്രോജക്ടുകൾ രൂപീകരിക്കുന്നത്(വനിതാ വ്യവസായ കേന്ദ്രം കെട്ടിടം സംരക്ഷണഭിത്തി നിർമ്മാണം 215/20). പൂർത്തീകരണ ഘട്ടത്തിലാണെന്ന് പറയുന്ന നിർമ്മാണങ്ങളുടെ ഇനിയും നൽകാനുള്ള ബില്ലുകൾ കണക്കാക്കി ഫണ്ടിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതും, മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയിൽ ബാക്കിയുള്ളത് തിരികെ നൽകേണ്ടതുമാണ്.

## 1-17 എക്സ്ട്രാ ഇനങ്ങൾക്ക് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി

പ്രോജക്ട് :പൊയിൽതാഴം പനങ്ങോട്ട്മുക്ക് റോഡ് (നം.150/19)

അടങ്കൽ : 500000/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് :437732/- (ബിൽ നം.12/18-19/20.618)

2017-18 വർഷത്തിൽ നിലവിലുള്ള റോഡിന്റെ ടാറിംഗ് പ്രവർത്തിക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി 308 മീറ്റർ നീളത്തിലും, 3 മീറ്റർ വീതിയിലും വെറ്റ് മിക്സ് മെക്കാഡം, പ്രൈം കോട്ട്, ടാക് കോട്ട്, മിക്സ് സീൽ സർഫസിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി 2017 ഡിസംബർ മാസത്തിൽ ഇ-ടെണ്ടർ നടത്തി, 2.11% കുറവ് നിരക്ക് രേഖപ്പെടുത്തിയ പി.പി.മൊയ്തീൻകോയ എന്ന കരാറുകാരനെ ഏൽപ്പിച്ചു. ഇവരുമായി 22.2.2018 ന് കരാർ ചമച്ചു. തൻവർഷം പൂർത്തീകരിക്കാനാവാതിരുന്ന പദ്ധതി 2018-19 വർഷത്തിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തി. 20.4.2018 ലെ 1/1(7) തീരുമാന പ്രകാരം റോഡിൽ വെള്ളം കെട്ടി നിന്ന് റോഡ് പൊളിഞ്ഞു പോകാനുള്ള സാധ്യത കാണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇതിനടിസ്ഥാനത്തിൽ റോഡിന്റെ നീളം കുറച്ച് 162 മീറ്ററിൽ ഗ്രാനുലാർ സബ് ബേസ് കൂടി നൽകാനും, 98 മീറ്റർ നീളത്തിൽ ഐറിഷ് ഡ്രൈനേജിനുമുള്ള എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നടത്തി. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

- എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പുതിയ ഇനങ്ങളുടെ നിരക്കിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ കുറവ് കണക്കാക്കിയില്ല. ഇതുമൂലം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | ഇനം/ നിരക്ക് | അർഹമായ തുക 2.11% കുറവ് നിരക്കിൽ | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 4.11.2 ഗ്രാനുലാർ സബ് ബേസ്.... 2201.93/- | 2155.47 രൂപ നിരക്കിൽ, $38.88m^3$ x 2155.47 = 83804.67 | 38.88 x 2201.93 = 85611.03 | 1806.36/- |
| 2 | പി.സി.സി.1:2:4(od) 7602.42/- | 7442.01 നിരക്കിൽ, $6.72m^3$ x 7442.01 = 50010.31 | 6.72 x 7602.42 = 51088.26 | 1077.95/- |
| ആകെ അധികം | | | | 2884.31/- |

- 2017 ഡിസംബർ മാസത്തിൽ ടെണ്ടർ അംഗീകരിച്ച് തീരുമാനിച്ചതിനു ശേഷം, 2018 ഫെബ്രുവരി അവസാനത്തിലാണ് കരാറുകാരനുമായി കരാറിലേർപ്പെടുന്നത്. ഇതുമൂലം 2017-18 വർഷത്തിൽ പ്രവൃത്തി നടപ്പാക്കാനാതെ വന്നു. മെഷർമെന്റ് പുസ്തകം പ്രകാരം കരാറുകാരൻ 16.4.2018 ന് പ്രവൃത്തിയാരംഭിച്ച്, 4.5.2018 ന് പൂർത്തീകരിച്ചതായി കാണാം. അതായത് പ്രവൃത്തി പൂർത്തീകരണത്തിന് ഒരു മാസമേ വേണ്ടി വന്നുള്ളൂ. യഥാസമയം കരാർ ചമച്ച് പ്രവൃത്തിയേൽപ്പിച്ചിരുന്നെങ്കിൽ തൻവർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാനാകുമായിരുന്നു.
- കൃത്യമായ സ്ഥലപരിശോധന നടത്തി, സൈറ്റിനനുസൃതമായിട്ടാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. ഇത്തരത്തിലുള്ള പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് പിന്നീട് പുതുക്കേണ്ടി വന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും, അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ട് ഹെഡിൽ തിരിച്ചടവാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി, കരാറുകാരന് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതു കൊണ്ടാണ് കരാർ ചമയ്ക്കാൻ വൈകിയതെന്നും, അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കുന്നതാണ് എന്നുമാണ്. എന്നാൽ ഇത്തരത്തിൽ കരാറുകാരന്റെ ബുദ്ധിമുട്ട് പഞ്ചായത്തിനെ അറിയിച്ചതായും, ഈ വിഷയത്തിൽ പഞ്ചായത്ത് തീരുമാനമെടുത്തതായും

കണ്ടന്നില്ല. പ്രവൃത്തി ഏൽപ്പിച്ചു നൽകാൻ തീരുമാനമെടുത്ത് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം (നോട്ടീസ് വിശദാംശം ഫയലിലില്ല)നിശ്ചിത ദിവസത്തിനുള്ളിൽ കരാറുകാരൻ കരാർ ചമച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടില്ലെങ്കിൽ കൈക്കൊള്ളേണ്ട നടപടികളും എടുത്തിട്ടില്ല. തുക തിരികെ ഈടാക്കി അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

# 1-18 പറയരുകുന്നത്ത് കുടിവെള്ള പദ്ധതി - നാളിതുവരെ ആരംഭിച്ചില്ല -പ്രത്യേക ഘടക പദ്ധതിയ്ക്കായി ലഭിച്ച ഫണ്ട് വകമാറ്റി വകയിരുത്തി

2018-19 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവരുമായി സംയുക്തമായി 36,00,000/- അടങ്കലിൽ (25,00,000/- ജില്ലാ പഞ്ചായത്ത് വിഹിതം, 6,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 5,00,000/- വികസനഫണ്ട് എസ്.സി.പി.) രൂപീകരിച്ച പദ്ധതിയാണിത്(പ്രോജക്ട് നം.96/19). ഇതിൽ 25,00,000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതം, 6,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ തൻവർഷത്തിൽ തന്നെ ലഭിച്ചു. എന്നാൽ തൻവർഷം ഈ പദ്ധതിയുടെ നിർവ്വഹണം നടന്നിട്ടില്ല. തുടർന്ന് 2019-20 വർഷത്തിൽ സ്പിൽഓവർ പദ്ധതിയായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആ വർഷത്തിലും ചെലവില്ല. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആരാഞ്ഞതിന് ഈ പ്രവൃത്തി ടെണ്ടറും, റീടെണ്ടറും ചെയ്തിട്ടും ഇതുവരെ ആരും ഏറ്റെടുത്തിട്ടില്ലയെന്നാണ് മറുപടി നൽകിയത്. കരാറിലേർപ്പെടാത്ത പദ്ധതി എങ്ങനെ സ്പിൽഓവർ പദ്ധതിയായി 2019-20 വർഷത്തിൽ ഉൾപ്പെട്ടുവെന്ന് വ്യക്തമല്ല.

തുടർന്നുള്ള 2020-21 വർഷത്തിൽ ഈ പദ്ധതിയുൾപ്പെട്ടോയെന്ന് പരിശോധിച്ചപ്പോൾ, ഓഡിറ്റ് സമയം(ഒക്ടോബർ 2020) ഈ കുടിവെള്ള പദ്ധതി പുതിയ പദ്ധതിയായി വികസനഫണ്ടിനു പകരം ധനകാര്യകമ്മീഷൻ ഗ്രാന്റും, നിലവിൽ ലഭിച്ചിട്ടുള്ള ബ്ലോക്ക്, ജില്ലാ വിഹിതങ്ങളും ഉൾപ്പെടുത്തി 36,00,000/- അടങ്കലിൽ തയ്യാറാക്കിയിരിക്കുന്നു. 2020-21 വർഷത്തെ ആദ്യ അംഗീകാര പദ്ധതിയിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടില്ല. നിലവിൽ സാങ്കേതിക അംഗീകാരത്തിനായി അയച്ച അവസ്ഥയിലാണുള്ളത്.

ആദ്യ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽ തയ്യാറാക്കിയ പദ്ധതി 2020-21 ൽ ജനറൽ വിഭാഗത്തിലാണ് തയ്യാറാക്കിയത്. 2018-19 വർഷത്തിൽ ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ ലഭിച്ചിരിക്കുന്നത് പ്രത്യേക ഘടക പദ്ധതിയ്ക്കായുള്ള എസ്.സി.പി. ഫണ്ടാണ്. ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി അനുവദിക്കുന്ന ഫണ്ട് ജനറൽ വിഭാഗത്തിൽ പദ്ധതി തയ്യാറാക്കുന്നതിന് വകയിരുത്തിയത് വിശദീകരിക്കേണ്ടതാണ്.

# 1-19 ക്ഷീര വികസന പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകങ്ങൾ

2018-19 വർഷത്തിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ ക്ഷീര വികസന പ്രോജക്ടുകളിൽ പാലിന് സബ്സിഡി നല്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|---|
| 1. | 62 / 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 15,50,000 രൂ | വികസനഫണ്ട് (6ലക്ഷം രൂ), ബ്ലോക്ക് പഞ്ചായത്ത് (8.5ലക്ഷം രൂ) , ജില്ലാ പഞ്ചായത്ത് (1 ലക്ഷം രൂ) |
| 2. | 134 / 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,08,492രൂ | എസ്.സി.പി ( 1 ലക്ഷം രൂ ) , ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് (8492 രൂ) |
| | | | | |

| | | |
|---|---|---|
| ആകെ | 16,58,492 | |

1. സ.ഉ(കൈ)22/2018/തസ്വഭവ തിയ്യതി 14.02.2018 ഖണ്ഡിക 6.2 ക്രമനമ്പർ 8 പ്രകാരം കർഷകർ ക്ഷീരസംഘത്തിൽ നല്കുന്ന പാലിന് ലിറ്ററിന് 3 , 4 രൂ (ക്ഷീര വികസന വകുപ്പിൽ നിന്നും സബ്സിഡി ലഭിച്ച മാസങ്ങളിൽ 3 രൂ ) നിരക്കുകളിലാണ് സബ്സിഡി നല്കിയത് . ചീക്കിലോട് , നൻമണ്ട , എഴുകുളം , കുമാരംപൊയിൽ എന്നിങ്ങനെ 4 ക്ഷീരസംഘങ്ങളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് . ഓരോ ട്രഷറി ബിൽ / ചെക്ക് രേഖകളോടൊപ്പം സബ്സിഡി വിതരണം ചെയ്ത ക്ഷീരകർഷകരുടെ പേരുവിവരങ്ങളടങ്ങിയ ലിസ്റ്റും , ക്ഷീരസംഘങ്ങൾ സാക്ഷ്യപ്പെടുത്തിയ പാൽ ശേഖരിച്ചതിന്റെ ലിസ്റ്റും ലഭ്യമാക്കിയിട്ടുണ്ട് . എന്നാൽ ആദ്യത്തെ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ ക്രമം രണ്ടാമത്തേതിൽ നിന്നും വ്യത്യസ്തമാണ് . പാൽ അളന്ന അതേ ക്ഷീരകർഷകർക്ക് തന്നെയാണോ സബ്സിഡി തുക മുഴുവനും വിതരണം ചെയ്തത് എന്ന് കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് മോണിറ്ററിങ് സമയത്ത് പരിശോധിക്കപ്പെടേണ്ടതുണ്ട് . സ.ഉ(കൈ)22/2018/തസ്വഭവ തിയ്യതി 14.02.2018 ഖണ്ഡിക 6.2 പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ പരമാവധി 40000 രൂ സബ്സിഡിക്ക് മാത്രമാണ് അർഹത. ഇതിന്റെ കൃത്യതയും പ്രോജക്ടുകളുടെ നിർവ്വഹണ മേൽനോട്ടത്തിലൂടെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ ക്ഷീര വികസന പ്രോജക്ടുകളിൽ വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടക്കുന്നില്ല . സ.ഉ(കൈ)നം.11/2018/ തസ്വഭവ തിയ്യതി 29.01.2018 ഖണ്ഡിക 13.1 പ്രകാരമുള്ള പ്രോജക്ട് മോണിറ്ററിങ് നടക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ് . മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിങ് ഗ്രൂപ്പ് മേല്പറഞ്ഞ കാര്യങ്ങളിൽ ശ്രദ്ധിച്ചു കൊണ്ടുള്ള പ്രോജക്ട് മോണിറ്ററിങ് നടത്തേണ്ടതാണ് . വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ് .

2. പ്രോജക്ട് നമ്പർ 134/19 (ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.സി.പി), എന്നതിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 2 ലക്ഷം രൂപയിൽ 191508 രൂ 03.07.2019 ചെലാൻ മുഖേന ബാലുശ്ശേരി സബ് ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകളിൽ ചെലവാകാതെ ശേഷിക്കുന്ന തുകകൾ തിരിച്ചടക്കുന്നതിനുള്ള സമയക്രമം ജി.ഒ.(പി)07/2017/ധനം തിയ്യതി 23.01.2017 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പ്രകാരം, സംയുക്ത പ്രോജക്ട് നിർവ്വഹണം ചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനം പ്രോജക്ടിന്റെ പുരോഗതി ഫെബ്രുവരി മാസാവസാനം വിലയിരുത്തേണ്ടതുണ്ട്. പൂർത്തീകരിക്കാൻ സാധ്യതയില്ലാത്ത കേസുകളിൽ ചെലവഴിക്കപ്പെടാത്ത തുക ഫെബ്രുവരി 28 ന മുൻപ് അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് തിരിച്ചു നൽകേണ്ടതാണ്. സാമ്പത്തികവർഷാവസാനം മാർച്ച് 31 ാം തിയ്യതി സംയുക്ത പ്രോജക്ടിനുവേണ്ടിയുള്ള സ്പെഷൽ ടി.എസ്.ബി അക്കൌണ്ടിലെ നീക്കിയിരിപ്പ്, ട്രഷറിയിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തിയ ശേഷം ബാക്കിയുള്ള തുക സർക്കാരിലേക്ക് തിരിച്ചടക്കാനും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ്. വകയിരുത്തിയ തുക ഭൂരിഭാഗവും പാഴാകാൻ ഇടയായ സാഹചര്യം നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിക്കേണ്ടതാണ് .

## 1-20 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളുടെ അവലോകനം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയതിന്റെ സംക്ഷിപ്തം താഴെപ്പറയുന്നു .

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക (രൂ) | ചെലവ് ശതമാനം (ആകെ) |
|---|---|---|---|---|---|---|
| 1. | 12/19 | അനുപൂരക പോഷകാഹാര വിതരണ പരിപാടി | വികസന ഫണ്ട്<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>ബ്ലോക്ക് | 12 ലക്ഷം<br>5 ലക്ഷം<br>1 ലക്ഷം | 1194828<br>438386<br>1 ലക്ഷം | 96.2 |

| | | | | | | |
|---|---|---|---|---|---|---|
| | | | പഞ്ചായത്ത് ഫണ്ട് | | | |
| 2. | 17/19 | അനുപൂരക പോഷകാഹാര വിതരണ പരിപാടി | എസ്.സി.പി | 2 ലക്ഷം | 192476 | 96.2 |
| 3. | 24/19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | വികസന ഫണ്ട് (പൊതു)<br>ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്<br>ജില്ലാപഞ്ചായത്ത് ഫണ്ട് | 3 ലക്ഷം<br>3 ലക്ഷം<br>1 ലക്ഷം | 3 ലക്ഷം<br>1 ലക്ഷം<br>1 ലക്ഷം | 71.4 |
| 4. | 92/19 | ഭിന്നശേഷി കുട്ടികളുടെ കലോൽസവം | വികസന ഫണ്ട് (പൊതു) | 20080 | 9500 | 47.3 |
| 5. | 87/19 | ജാഗ്രതാ സമിതി | വികസന ഫണ്ട് (പൊതു) | 25000 | 24545 | 98.1 |
| 6 | 114/19 | വായനാ മുറി (സി.ഡി.എസ് വനിത) | വികസന ഫണ്ട് (പൊതു) | 25000 | 23500 | 94 |
| 7. | 208/19 | പകൽവീട് അടിസ്ഥാന സൌകര്യമൊരുക്കൽ | വികസനഫണ്ട് (പൊതു) | 93000 | 49806 | 53.5 |

ക്രമ നമ്പർ 3 പ്രോജക്ടിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ലഭിക്കാതിരുന്നത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. സ.ഉ.(കൈ)/22/2018/തസ്വഭവ തിയ്യതി 14.02.2018ഖണ്ഡിക 7.1.6 പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവർക്ക് അർഹതയുള്ള മുഴുവൻ തുകയും നല്കാൻ സാധിച്ചിട്ടില്ല. അതേസമയം ക്രമ നമ്പർ 4 ,7 പ്രോജക്ടുകളുടെ കാര്യത്തിൽ ആവശ്യത്തിലുമധികം തുകയാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയത് .

2. താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയെങ്കിലും നടപ്പാക്കാൻ സാധിച്ചിട്ടില്ല .

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക (രു) | ഫണ്ട് |
|---|---|---|---|---|
| 1. | 101/19 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | 15000 രു | വികസനഫണ്ട് (പൊതു) |
| 2 | 103/19 | വനിതകൾക്ക് കരാട്ടെ പരിശീലനം | 25000 രു | വികസനഫണ്ട് (പൊതു) |
| 3 | 117/19 | അങ്കണവാടികൾ ശിശു സൌഹൃദമാക്കൽ | 150000 | മെയിനന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 4 | 120/19 | അങ്കണവാടി പ്രവർത്തകർക്ക് അധികവേതനം നല്കൽ | 1285200 | തനത് ഫണ്ട് |

ക്രമനമ്പർ 1,2 പ്രോജക്ടുകളുടെ കാര്യത്തിൽ അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വന്ന അപാകമാണ് പ്രോജക്ട് നടപ്പാക്കുന്നത് പരാജയപ്പെടുന്നതിൽ കലാശിച്ചത് . ഇത്തരം സന്ദർഭങ്ങളിൽ ബന്ധപ്പെട്ട

വർക്കിങ് ഗ്രൂപ്പിന്റെ ഇടപെടലുകളും വികസന/ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റികളുടെ മേൽനോട്ടവും കൂടുതൽ ഫലപ്രദമാകേണ്ടിയിരിക്കുന്നു .

3. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം / സാമൂഹ്യക്ഷേമം സംബന്ധിച്ച വർക്കിങ് ഗ്രൂപ്പുകൾ മുന്നോട്ടുവെച്ച പ്രോജക്ട് ശുപാർശകളിൽ പലതും ഇനിയും പ്രോജക്ടുകളായി രൂപാന്തരം പ്രാപിച്ചിട്ടില്ല. ബന്ധപ്പെട്ട മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയവ ശ്രദ്ധയിൽപ്പെടുത്തുന്നു .

| ക്രമ നം. | വർക്കിങ് ഗ്രൂപ്പിന്റെ പേര് | യോഗ തിയ്യതി | ശുപാർശ |
|---|---|---|---|
| 1. | സ്ത്രീകളുടേയും കുട്ടികളുടേയും വികസനം | 2.10.2018 | അങ്കണവാടികൾക്ക് മുകളിൽ ഷീറ്റിട്ട് മീറ്റിങ് സൌകര്യം ഒരുക്കൽ . |
| 2. | | 01.12.2018 | അങ്കണവാടികൾക്ക് പ്രഷർകുക്കർ വാങ്ങി നല്കൽ . |
| 3. | | 01.12.2018 | എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കുടിവെള്ള സൌകര്യം ഒരുക്കൽ . |
| 4. | | 01.12.2018 | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ . (ഊഞ്ഞാൽ ,സ്ലൈഡ്) |
| 5. | സാമൂഹ്യക്ഷേമം | 06.03.2018 | കുട്ടല്ലൂർ അങ്കണവാടി വയറിങ് |
| 6. | | 06.03.2018 | അങ്കണവാടിയുടെ മുന്നോട്ടുള്ള ഭാഗത്ത് ഷീറ്റിടൽ . |
| 7. | | 01.12.18 | അങ്കണവാടികളിൽ മാസത്തിൽ ഒരിക്കൽ ഡോക്ടറുടെ സേവനം . |
| 8. | | 01.12.18 | ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രത്തിന് സ്വന്തം കെട്ടിടം . |

തുടർന്നുള്ള വർഷങ്ങളിലെ പ്രോജക്ട് രൂപീകരണ സമയത്ത് വർക്കിങ് ഗ്രൂപ്പുകളുടെ മേൽപറഞ്ഞ ശുപാർകൾ അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ് .

4. പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്ററിങ് ചെയ്യുന്നതിൽ വർക്കിങ് ഗ്രൂപ്പുകളുടെ പങ്ക് കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് . മേല്പറഞ്ഞ രണ്ട് വർക്കിങ് ഗ്രൂപ്പുകളും 08.12.2018 തിയ്യതിക്കു ശേഷം യോഗം ചേർന്നത് 09.01.2020 തിയ്യതിയിലാണ് . അതായത് 2018-19 വർഷത്തെ പ്രോജക്ടുകളുടെ അവസാനഘട്ട നിർവ്വഹണവും പൂർത്തീകരണവും വർക്കിങ് ഗ്രൂപ്പുകളുടെ മോണിറ്ററിങിന് വിധേയമായിട്ടില്ല. മോണിറ്ററിങ് റിപ്പോർട്ടുകൾ പ്രോജക്ട് ഫയലുകളോടൊപ്പം പരിശോധനക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ.ഉ (കൈ) 11 / 2018 /തസ്വഭവ ഖണ്ഡിക 13.1 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

5. പഞ്ചായത്തിന് കീഴിൽ ആകെ 28 അങ്കണവാടികൾ ആണുള്ളത്. അങ്കണവാടികളുടെ ഭൌതിക സൌകര്യങ്ങളുടെ റിപ്പോർട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയത് പ്രകാരം താഴെപ്പറയുന്ന അങ്കണവാടികളുടെ സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് .

| ക്രമ നം. | അങ്കണവാടി നമ്പർ | അങ്കണവാടിയുടെ പേര് | ആവശ്യമായ ഭൌതിക സൌകര്യം |
|---|---|---|---|
| 1. | 53 | കുളിപ്പൊയിൽ | കുടിവെള്ള സൌകര്യമില്ല , ചുറ്റുമതിൽ ഭാഗികം. |

| | | | |
|---|---|---|---|
| 2. | 54 | എ.എം.എൽ.പി സ്കൂൾ | കുടിവെള്ള സൌകര്യമില്ല , ചുറ്റുമതിൽ ഭാഗികം. |
| 3. | 56 | വെള്ളച്ചാൽ | ചുറ്റുമതിൽ ഇല്ല , കുടിവെള്ള സൌകര്യമില്ല, വൈദ്യുതി കണക്ഷൻ ഇല്ല |
| 4. | 57 | കേളോത്ത് വയൽ | സ്വന്തം കെട്ടിടം ഇല്ല , ചുറ്റുമതിൽ ഇല്ല , കുടിവെള്ള സൌകര്യമില്ല, വൈദ്യുതി കണക്ഷൻ ഇല്ല |
| 5. | 60 | ബാലബോധിനി | കുടിവെള്ള സൌകര്യമില്ല. |
| 6. | 61 | ഉദയ | കുടിവെള്ള സൌകര്യമില്ല. |
| 7. | 67 | കൊളത്തൂർ നോർത്ത് | ചുറ്റുമതിൽ ഭാഗികം , കുടിവെള്ള സൌകര്യമില്ല |
| 8. | 69 | ജ്വാല | സ്വന്തമായി കുടിവെള്ള സൌകര്യമില്ല |
| 9. | 68 | കരിയാണിമല | കുടിവെള്ള സൌകര്യമില്ല |

തുടർന്നുള്ള വർഷങ്ങളിൽ മേൽപറഞ്ഞ വസ്തുതകൾ കൂടി ശ്രദ്ധിച്ച് പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

# 1-21 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്,സി) നടപ്പാക്കിയ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 46 /19 |
| പ്രോജക്ട് | പെയിൻ ആൻഡ് പാലിയേറ്റീവ് |
| വകയിരുത്തിയ തുക | 6 ലക്ഷം രൂ |
| ചെലവഴിച്ച തുക | 328916 രൂ |
| ഫണ്ട് | വികസനഫണ്ട് (പൊതു) |

1. പ്രോജക്ടിന്റെ ഭാഗമായി ചെയ്ത ചെലവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നമ്പർ , തിയ്യതി | തുക (രൂ) |
|---|---|---|
| 1. | 1/18-19 , 5.6.2018 | 24925 |
| 2. | 3/18-19 , 21.6.2018 | 26649 |
| 3. | 5/18-19 , 31.7.2018 | 26396 |
| 4. | 8/18-19 , 23.08.2018 | 19753 |
| 5. | 10/18-19 , 14.9.2018 | 33607 |
| 6. | 12/18-19 , 11.10.2018 | 27405 |
| 7. | 14/18-19 , 25.11.2018 | 13549 |

| | | |
|---|---|---|
| 8. | 18/18-19 , 22.1.2019 | 22367 |
| 9. | 20/18-19 , 19.02.2019 | 28344 |
| 10. | 25/18-19 , 11.03.2019 | 28494 |
| ആകെ | | 251489 രൂ |

മേല്പറഞ്ഞ ചെലവുകളിൽ ഉൾപ്പെടുന്നത് ഹോം കെയർ ടീമിന്റെ റിഫ്രഷ്മെന്റ് ചാർജ്ജുകൾ, ആംബുലൻസ് ഡ്രൈവറുടെ വേതനം, പാലിയേറ്റീവ് നഴ്സിന്റെ ഹോണറേറിയം, ആംബുലൻസിന്റെ പെട്രോൾ ചാർജ്ജ് എന്നിവയാണ് . ഹോം കെയർ ടീമിന്റെ പ്രതിദിന ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ 29.10.2015 തിയ്യതിയിലെ സ.ഉ(സാധാ)3217/2015 തസ്വഭവ ഖണ്ഡിക 2.6.3 (5) പ്രകാരമുള്ള ഫോറങ്ങൾ പൂരിപ്പിച്ചത്, വൌച്ചറുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. 251489 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

2. പെയിൻ ആൻഡ് പാലിയേറ്റീവ് പ്രോജക്ടിനു വേണ്ടി ഉപകരണങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| ട്രഷറി ബിൽ നമ്പർ , തിയ്യതി | 16 / 27.12.2018 |
| ചെലവഴിച്ച തുക | 32404 രൂ |
| ഉപകരണങ്ങൾ വിതരണം ചെയ്തത് | KMSCL |
| ഇൻവോയ്സ് നമ്പർ , തിയ്യതി | 19980 / 10.01.2019 |
| വിതരണം ചെയ്തത് | യൂറിൻ ബാഗ് (100എണ്ണം) , വീൽ ചെയർ (2 എണ്ണം) ,എയർ ബെഡ് (10 എണ്ണം) |

ഇവ ഏതൊക്കെ രോഗികൾക്കാണ് വിതരണം ചെയ്തത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് .

അതുവരെയും 32404 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

3. വയോജനങ്ങൾക്ക് വേണ്ടി നടപ്പാക്കിയ ഒരു പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 128/19 |
| പ്രോജക്ട് | കിടപ്പിലായ വയോജനങ്ങൾക്ക് ചികിത്സയും മരുന്നും പോഷകാഹാരവും |
| ചെലവഴിച്ച തുക | 47759 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 24 , 19.02.2019 , 47759 രൂ |
| ഫണ്ട് | വികസന ഫണ്ട് (പൊതു) |
| മരുന്നുകൾ വിതരണം ചെയ്തത് | KMSCL |
| പ്രൊഫോർമാ ഇൻവോയ്സ് നമ്പർ , തിയ്യതി , തുക | PRF 3808 , 10.01.2019 ,47759 രൂ |

മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല . സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാകുന്നത് വരെ 47759 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു .

4. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 51/19 |
| പ്രോജക്ട് | ജീവതാളം-ജീവിതശൈലീരോഗ നിയന്ത്രണം-സമഗ്ര ആരോഗ്യ പരിപാടി. |
| ചെലവഴിച്ച തുക | 92987 രൂ |
| ഫണ്ട് | തനത് ഫണ്ട് |

ഈ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെയ്ത ചെലവിനങ്ങൾ താഴെപ്പറയുന്നു .

| ക്രമ നമ്പർ | ചെക്ക് നമ്പർ , തിയ്യതി | ചെക്ക് തുക | ചെലവിന്റെ ഉദ്ദേശം |
|---|---|---|---|
| 1. | 00114856 / 25.05.2018 | 11804 രൂ | ഇ-ഹെൽത്ത് -ആധാർക്യാമ്പ് ഉദ്ഘാടന ചെലവ് |
| 2. | 00116963 / 22.11.2018 | 48415 രൂ | ലബോറട്ടറി സാധനങ്ങൾ വാങ്ങിയത് |
| 3. | 0670055 / 27.03.2019 | 5520 രൂ | യൂറിക് ആസിഡ് കിറ്റുകൾ വാങ്ങിയത് |
| 4. | 0670054 / 27.03.2019 | 27248 രൂ | ഇ-ഹെൽത്ത് പരിപാടിയുമായി ബന്ധപ്പെട്ട ചെലവുകൾ , സ്ക്രീനിങ് ക്യാമ്പുകളുടെ ചെലവുകൾ |
| ആകെ | | 92987 രൂ | |

(a) മലബാർ ഡയഗ്നോസ്റ്റിക്സ് , നടക്കാവ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 48415 രൂ യുടെ ലാബ് റിയേജന്റുകൾ വാങ്ങിയത്. നീതി മെഡിക്കൽ സ്റ്റോറിൽ നിന്നുമാണ് 5520 രൂപക്ക് യൂറിക് ആസിഡ് കിറ്റുകൾ വാങ്ങിയത്. ഇവ ലാബ് ഐറ്റംസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി പറയുന്നുണ്ടെങ്കിലും ആയത് പരിശോധനക്ക് ലഭിച്ചിട്ടില്ല .

(b) പ്രോജക്ട് പ്രകാരം എത്ര പേരെ സ്ക്രീൻ ചെയ്ത് രോഗനിർണയം നടത്തി , ആധാർ നമ്പർ അടക്കം രജിസ്റ്റർ ചെയ്തു എന്നതും അവർക്ക് എന്തെല്ലാം തുടർചികിത്സകൾ ലഭ്യമാക്കി എന്നതും വിശദീകരിക്കേണ്ടതാണ് .

(c) പ്രോജക്ടിന്റെ സ.ഉ(കൈ)11/2018/തസ്വഭവ തിയ്യതി 29.01.2018 ഖണ്ഡിക 13.1 പ്രകാരമുള്ള മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

ആകെ 424639 (251489 + 32404+ 47759+92987) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/2018-19 ന് മറുപടി ലഭിച്ചിട്ടില്ല.

# 1-22 കാർഷിക മേഖലയിലെ പ്രോജക്ടുകൾ - പരിസ്ഥിതി പ്രാധാന്യമുള്ള പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പാക്കുന്നതിനുള്ള അവസരം പ്രയോജനപ്പെടുത്തുന്നില്ല .

സ.ഉ(കൈ)11/2018/തസ്വഭവ/തി. 29.01.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 7.1(എ)(4) പ്രകാരം പരിസ്ഥിതി സംരക്ഷണം , നീർത്തട പരിപാലനം , വനവത്ക്കരണം എന്നീ പ്രോക്ടുകൾ പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് . ഈ രംഗത്ത് കാവുകളുടേയും കണ്ടൽക്കാടുകളുടേയും സംരക്ഷണവുമായി ബന്ധപ്പെട്ട് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ സ.ഉ(കൈ) നമ്പർ 22/2018/തസ്വഭവ തിയ്യതി 14.02.2018 ഉത്തരവിലെ ഖണ്ഡിക 7.7.3 ൽ പ്രതിപാദിച്ചിട്ടുണ്ട് . ഇത് പ്രകാരം ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട കാവുകളുടെ പട്ടിക തയ്യാറാക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിലെ ഹരിതകേരള മിഷൻ ടീമിനാണ് . സംരക്ഷിക്കപ്പെടേണ്ട വിസ്തൃതിയും

സസ്യവൈവിധ്യവും കണക്കാക്കുവാൻ സാധിക്കും. മുള്ളുവേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിവരുന്ന ചെലവുകളും എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കി എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സഹായത്തോടെ പ്രോജക്ട് അടങ്കൽ തുക നിശ്ചയിക്കാൻ സാധിക്കുന്നതാണ്. പ്രോജക്ട് നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരേയും പൊതുകാവുകളുടെ കാര്യത്തിൽ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളേയും ഏല്പിച്ച് നടപ്പാക്കാവുന്നതാണ് . ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റിയാണ് മേൽനോട്ടം നടത്തേണ്ടത് . ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ജൈവ വൈവിധ്യ രജിസ്റ്റർ കാലാനുസൃതമാക്കാൻ കഴിയും .പഞ്ചായത്തിന്റെ പരിസ്ഥിതി സംരംക്ഷണത്തിന് ഉതകുന്ന സുപ്രധാന രേഖയായി ഈ രജിസ്റ്റർ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ് . നിർവ്വഹണം പൂർത്തിയാകുന്നതോടെ ചെലവിന്റെ 75 ശതമാനം തദ്ദേശസ്ഥാപനത്തിൽ നിന്നും വഹിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട് .

കാവുകളുടെ വാർഷിക പരിപാലനത്തിന് വിസ്തൃതിയുടെ അടിസ്ഥാനത്തിന് ഗ്രാന്റ് നൽകുന്നതിനും വ്യവസ്ഥ നല്കിയിട്ടുണ്ട്. ആവശ്യമായ ശാസ്ത്ര സാങ്കേതിക ജ്ഞാനം നല്കുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ സമീപിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് .

ഇത്തരം ഒരു പ്രോജക്ട് നടപ്പാക്കുന്നതിന് ശ്രമിച്ചിരുന്നെങ്കിലും സാധ്യമായില്ല എന്ന് കൃഷി ഓഫീസറിൽ നിന്നും അറിയാൻ കഴിഞ്ഞു . വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മിനട്സ് ബുക്ക് പരിശോധിച്ചതിൽ 31.07.2018 തിയ്യതിയിൽ പദ്ധതിക്കു വേണ്ട അപേക്ഷ ക്ഷണിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്തതായി കാണുന്നു. 29.08.2018 തിയ്യതിയിൽ അപേക്ഷകൾ അടിയന്തിരമായി ക്ഷണിക്കുന്നതിന് നടപടികൈക്കൊള്ളുന്നതിന് കൃഷി ഓഫിസറെ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട് . 02.10.2018 തിയ്യതിയിലെ കൃഷി വർക്കിങ് ഗ്രൂപ്പിൽ കാവ് സംരക്ഷണവുമായി ബന്ധപ്പെട്ട അപേക്ഷകൾ എത്രയും പെട്ടെന്ന് ലഭ്യമാകുന്ന രീതിയിൽ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 05.12.2018 തിയ്യതിയിലെ മിനട്സ് പ്രകാരം DPC അംഗീകാരം ലഭിച്ച കഴിഞ്ഞ പ്രോജക്ട് ഉപേക്ഷിക്കുവാൻ ഭരണ സമിതിയോട് ശുപാർശ ചെയ്തതായാണ് കാണുന്നത്. കാരണം രേഖപ്പെടുത്തിയിട്ടില്ല. പരിസ്ഥിതി സംരക്ഷണത്തിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒരു പ്രോജക്ടാണ് 2019-20 വർഷത്തിലും നടപ്പാകാതെ ഇങ്ങനെ നഷ്ടമായത്. പ്രോജക്ട് ഒഴിവാക്കുവാൻ ഉണ്ടായ കാരണങ്ങൾ വിശദീകരിക്കേണ്ടതാണ്. പരിസ്ഥിതി സംരക്ഷണത്തിൽ മുതൽക്കൂട്ടായി മാറുന്ന ഇത്തരം പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഭരണസമിതി , വികസന കാര്യ സ്റ്റാൻ്ിങ് കമ്മിറ്റി , കൃഷി വർക്കിങ് ഗ്രൂപ്പ് എന്നിവയുടെ കൂടുതൽ ക്രിയാത്മകമായ ഇടപെടലുകൾ ആവശ്യമാണെന്ന് വിലയിരുത്തുന്നു. ഇനിയുള്ള വർഷങ്ങളിൽ എങ്കിലും ഈ പ്രോജക്ട് സാക്ഷാത്ക്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 1-23 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ മണ്ണാർക്കാത്തുട്ട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ പദ്ധതി പ്രകാരം 107889 രൂപ എസ്.സി.പി ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം- 10/18-19, തിയ്യതി. 01.08.2018 ) എന്നാൽ പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പട്ടികജാതി വിഭാഗത്തിന്റെ സങ്കേതമാണെന്ന് തെളിയിക്കുന്നതിനുള്ള സോഷ്യൽ മാപ് എന്നിവ പ്രൊജക്ട് ഫയലിൽ ലഭ്യമല്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് 20.10.20 തിയ്യതിയിൽ നൽകിയ 16/18-19 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ (കൈ) നം- 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നം. ഉത്തരവ് പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 ലെ നിബന്ധനകൾ പാലിക്കാതെ എസ്.സി.പി ഫണ്ട് വിനിയോഗിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ചെലവ് തുക 107889 രൂപ തടസ്സപ്പെടുത്തുന്നു.

# 1-24 ആവശ്യകത പരിശോധിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ ഘടകസ്ഥാപനത്തിൽ കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതി പ്രകാരം 1 കമ്പ്യൂട്ടറും 2 പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ലോക്കൽ സെർവ്വർ അധിഷ്ഠിതമല്ലാത്ത സോഫ്റ്റ്‌വെയറുകൾ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വിൻഡോസ് 10 (പ്രൊഫഷണൽ ) ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങിയത് മൂലം 8500 രൂപ അധികം ചെലവഴിച്ചു. ലിനക്സ് പോലുള്ള സൗജന്യ ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗപ്പെടുത്തി ചെലവ് കുറക്കാനുള്ള സാധ്യത സ്ഥാപനം പ്രയോജനപ്പെടുത്തിയില്ല.

2. 3 ജീവനക്കാർ മാത്രമുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നെറ്റ്‌വർക്കിംഗ് (LAN) സൗകര്യം ലഭ്യമായിരുന്നിട്ടും പദ്ധതി മുഖേന 2 പ്രിന്ററുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഒരു പ്രിന്ററിൽ തന്നെ 2 കമ്പ്യൂട്ടറുകളും ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള നെറ്റ്‌വർക്കിംഗ് സൗകര്യം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിരുന്നിട്ടും 2 പ്രിന്ററുകൾ വാങ്ങി അധിക ചെലവുണ്ടാക്കി. മാത്രമല്ല ഓഫീസിൽ നെറ്റ്‌വർക്കിംഗ് സൗകര്യമൊരുക്കിയതിന് പ്രസക്തിയില്ലാതാക്കി.

3. സ്ഥാപനത്തിലേക്ക് വാങ്ങിയ പ്രിന്ററുകളിൽ ഒന്ന് കളർ പ്രിന്ററാണ്.കളർ പ്രിന്ററിന് മാത്രമായി 10950 രൂപയാണ് സ്ഥാപനം ചെലവഴിച്ചിട്ടുള്ളത്. കളർ പ്രിന്ററിന്റെ അനിവാര്യത വ്യകതമാക്കണമെന്നാവശ്യപ്പെട്ടപ്പോൾ , ഉപകരണം നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സെക്ഷനിലേക്ക് മാറ്റി, വിവാഹസർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ടെന്നാണ് ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളെ കടലാസ് രഹിത ഓഫീസുകളായി മാറ്റുന്നതിന്റെ ഭാഗമായി സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ മുഖേനയുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായാണ് നിലവിൽ അനുവദിക്കുന്നത്. ഇത്തരത്തിൽ ഓൺലൈനായി നൽകുന്ന സർട്ടിഫിക്കറ്റുകൾ കളർ പ്രിന്റർ ഉപയോഗിച്ച് പ്രിന്റ് ചെയ്ത് നൽകുന്ന രീതി സ്ഥാപനത്തിന് അധിക ചെലവുണ്ടാക്കും.അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് 20.10.20 തിയ്യതിയിൽ നൽകിയ 15/18-19 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓപ്പറേറ്റിംഗ് സിസ്റ്റം, കളർ പ്രിന്റർ എന്നിവയുടെ അനിവാര്യത പരിശോധിക്കാതെയാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പദ്ധതി നിർദ്ദേശങ്ങളേക്കാൾ മുൻഗണന നൽകി നടപ്പാക്കിയ പദ്ധതിയുടെ അനിവാര്യത വ്യക്തമാക്കേണ്ടതും അപാകതകൾക്ക് മറുപടി വഭ്യമാക്കേണ്ടതുമാണ്.

## 1-25 കുയ്യാട്ട് കുടിവെള്ള പദ്ധതി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുയ്യാട്ട് കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 വർഷത്തിൽ താഴെ പറയുന്ന സംയുക്ത പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതികൾക്കായി അടങ്കൽ ചെയ്തിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്ത് വിഹിതമാണ്. പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊ.നം&പേര് | അടങ്കൽ/ചെലവ് |
|---|---|---|
| 1 | 216/18-19, കുയ്യാട്ട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 90000/90000 |
| 2 | കുയ്യാട്ട് കുടിവെള്ള പദ്ധതി ഹാന്റ് പമ്പ് സ്ഥാപിക്കൽ | 40700/40700 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾക്ക് 2018-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുകകളൊന്നും അനുവദിച്ചിട്ടില്ല. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും തൻവർഷത്തേക്ക് കുയ്യാട്ട് കുടിവെള്ള പദ്ധതി സംബന്ധിച്ച പ്രൊജക്ടുകളൊന്നും ആസൂത്രണം ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2017-18 വർഷത്തിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 84/17-18, കുയ്യാട്ട് കുടിവെള്ള പദ്ധതി എന്ന പ്രൊജക്ട് മുഖേന 500000 രൂപ വികസനഫണ്ടും(ജനറൽ) 312500 രൂപ മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നനിലയിലും വകയിരുത്തി , ആയതിൽ 500000 രൂപ വികസനഫണ്ട് നന്മണ്ട ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സമാന്തരമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി തയ്യാറാക്കുകയും (പ്രൊ.നം-159/19) പ്രസ്തുത പ്രൊജക്ട് നിർവ്വഹണം നടത്താതെ ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഫണ്ട് പ്രയോജനപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ കുയ്യാട്ട് കുടിവെള്ളപദ്ധതി-കുഴൽകിണർ എന്ന പേരിൽ 185/17-18 നമ്പറായി പദ്ധതി ആസൂത്രണം ചെയ്ത് 31590 രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ ലഭിച്ച

ഫണ്ട് വകയിരുത്തിയാണ് മേൽ പരാമർശിച്ച 2 പ്രൊജക്ടുകളും സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയത് 29.01.2018 തിയ്യതിയിലെ സ.ഉ (കൈ) നം- 11/2018/ത.സ്വ.ഭ.വ. പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.4 ലെ നിബന്ധനകൾക്കും 23.01.2017 ലെ ജി.ഒ.(പി) നം. 07/2017/ധന നമ്പറായുള്ള ഉത്തരവിലെ വ്യവസ്ഥകൾക്കും വിരുദ്ധമാണ്. വിവിധ പദ്ധതികൾക്കായി ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിഹിതങ്ങൾ മറ്റ് പദ്ധതികൾക്കായി വകമാറ്റി ചെലവഴിക്കുന്നത് മാർഗ്ഗരേഖകളുടെ ലംഘനമാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

2017-18 ലെ പദ്ധതിമുഖേന നിർമ്മിച്ച കുഴൽകിണറിൽ മോട്ടോർ സ്ഥാപിക്കുന്നതിന് സാധ്യമല്ലാത്തതിനാൽ ഹാന്റ് പമ്പ് സ്ഥാപിച്ചാണ് ഉപയോഗപ്പെടുത്തുന്നത്. ഇക്കാരണത്താൽ തന്നെ പദ്ധതിയുടെ വ്യാപ്തി കുറയുന്നതിന് കാരണമായിട്ടുണ്ട്. ആയത് മറികടക്കുന്നതിനും കൂടുതൽ പേർക്ക് പ്രയോജനപ്പെടുന്നതിനുമായിട്ടാണ് പൈപ്പ്ലൈൻ നീട്ടൽ പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതിക്ക് ജലസ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ ആയത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇറിഗേഷൻ വകുപ്പുമായി പഞ്ചായത്ത് ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ട് കുയ്യാട്ട് കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണന ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി4 സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ അടിയന്തിരമായി തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-26 ഇറിഗേഷൻ വകുപ്പിന് തുക കൈമാറിയ പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ പ്രകാരം ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരങ്ങളും പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-13/18-19, തിയ്യതി.16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം &പേര് | നിക്ഷേപിച്ച തുക | ബിൽ നം/ തിയ്യതി |
|---|---|---|---|
| 1 | 58/18-19, എരഞ്ഞിലോട്ട് താഴം-വരിക്കണ്ടി കൊളത്തൂർ കനാൽ റോഡ് | 500000 | 13/18-19 തി.14.08.2018 |
| 2 | 79/18-19, എടവനക്കണ്ടി താഴം പാലം | 105000 | 21800344 / 09.08.2018 |

വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ മേൽ പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തി, പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. തുക കൈമാറി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല എന്നത് വീഴ്ചയാണ്. പ്രവൃത്തി അടിന്തിരമായി പൂർത്തീകരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 എക്സ്ട്രാ ഇനങ്ങൾക്ക് ടെണ്ടർ കുറവ് വരുത്താതെ തുക നൽകി

പ്രോജക്ട് :പൊയിൽതാഴം പനങ്ങോട്ട്മുക്ക് റോഡ് (നം.150/19)

അടങ്കൽ : 500000/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് :437732/- (ബിൽ നം.12/18-19/20.618)

2017-18 വർഷത്തിൽ നിലവിലുള്ള റോഡിന്റെ ടാറിംഗ് പ്രവർത്തിക്കാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി 308 മീറ്റർ നീളത്തിലും, 3 മീറ്റർ വീതിയിലും വെറ്റ് മിക്സ് മെക്കാഡം, പ്രൈം കോട്ട്, ടാക് കോട്ട്, മിക്സ് സീൽ സർഫസിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി 2017 ഡിസംബർ മാസത്തിൽ ഇ-ടെണ്ടർ നടത്തി, 2.11% കുറവ് നിരക്ക് രേഖപ്പെടുത്തിയ പി.പി.മൊയ്തീൻകോയ എന്ന കരാറുകാരനെ ഏൽപ്പിച്ചു. ഇവരുമായി 22.2.2018 ന് കരാർ ചമച്ചു. തൻവർഷം പൂർത്തീകരിക്കാനാവാതിരുന്ന പദ്ധതി 2018-19 വർഷത്തിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തി. 20.4.2018 ലെ 1/1(7) തീരുമാന പ്രകാരം റോഡിൽ വെള്ളം കെട്ടി നിന്ന് റോഡ് പൊളിഞ്ഞു പോകാനുള്ള സാധ്യത കാണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇതിനടിസ്ഥാനത്തിൽ റോഡിന്റെ നീളം കുറച്ച് 162 മീറ്ററിൽ ഗ്രാനുലാർ സബ് ബേസ് കൂടി നൽകാനും, 98 മീറ്റർ നീളത്തിൽ ഐറിഷ് ഡ്രൈനേജിനുമുള്ള എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നടത്തി. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

- എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പുതിയ ഇനങ്ങളുടെ നിരക്കിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ കുറവ് കണക്കാക്കിയില്ല. ഇതുമൂലം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമ നം | ഇനം/ നിരക്ക് | അർഹമായ തുക 2.11% കുറവ് നിരക്കിൽ | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 4.11.2 ഗ്രാനലാർ സബ് ബേസ്.... 2201.93/- | 2155.47 രൂപ നിരക്കിൽ, $38.88m^3$ x 2155.47 = 83804.67 | 38.88 x 2201.93 = 85611.03 | 1806.36/- |
| 2 | പി.സി.സി.1:2:4(od) 7602.42/- | 7442.01 നിരക്കിൽ, $6.72m^3$ x 7442.01 = 50010.31 | 6.72 x 7602.42 = 51088.26 | 1077.95/- |
| ആകെ അധികം | | | | 2884.31/- |

- 2017 ഡിസംബർ മാസത്തിൽ ടെണ്ടർ അംഗീകരിച്ച് തീരുമാനിച്ചതിനു ശേഷം, 2018 ഫെബ്രുവരി അവസാനത്തിലാണ് കരാറുകാരനുമായി കരാറിലേർപ്പെടുന്നത്. ഇതുമൂലം 2017-18 വർഷത്തിൽ പ്രവൃത്തി നടപ്പാക്കാനാതെ വന്നു. മെഷർമെന്റ് പുസ്തകം പ്രകാരം കരാറുകാരൻ 16.4.2018 ന് പ്രവൃത്തിയാരംഭിച്ച്, 4.5.2018 ന് പൂർത്തീകരിച്ചതായി കാണാം. അതായത് പ്രവൃത്തി പൂർത്തീകരണത്തിന് ഒരു മാസമേ വേണ്ടി വന്നുള്ളൂ. യഥാസമയം കരാർ ചമച്ച് പ്രവൃത്തിയേൽപ്പിച്ചിരുന്നെങ്കിൽ തൻവർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാനാകുമായിരുന്നു.
- കൃത്യമായ സ്ഥലപരിശോധന നടത്തി, സൈറ്റിനനുസൃതമായിട്ടാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. ഇത്തരത്തിലുള്ള പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് പിന്നീട് പുതുക്കേണ്ടി വന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും, അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ട് ഹെഡിൽ തിരിച്ചടവാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി, കരാറുകാരന് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതു കൊണ്ടാണ് കരാർ ചമയ്ക്കാൻ വൈകിയതെന്നും, അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കുന്നതാണ് എന്നുമാണ്. എന്നാൽ ഇത്തരത്തിൽ കരാറുകാരന്റെ ബുദ്ധിമുട്ട് പഞ്ചായത്തിനെ അറിയിച്ചതായും, ഈ വിഷയത്തിൽ പഞ്ചായത്ത് തീരുമാനമെടുത്തതായും കണ്ടില്ല. പ്രവൃത്തി ഏൽപ്പിച്ചു നൽകാൻ തീരുമാനമെടുത്ത് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം (നോട്ടീസ് വിശദാംശം ഫയലിലില്ല)നിശ്ചിത ദിവസത്തിനുള്ളിൽ കരാറുകാരൻ കരാർ ചമച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടില്ലെങ്കിൽ കൈക്കൊള്ളേണ്ട നടപടികളും എടുത്തിട്ടില്ല. തുക തിരികെ ഈടാക്കി അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## <u>ഭാഗം -4</u>
## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11.07.2019 മുതൽ 12/07/2019 വരെ | നമ്പർ കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/2019(45) തിയ്യതിഃ 03.08.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17, ബി-4 എന്നിവ പരിശോധിച്ചതിൽ സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച 12354857 രൂപ 31.03.2019 ന് വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് (കേപ്പിറ്റൽ) | 2784645 |
| | |

| | |
|---|---|
| ജില്ലാപഞ്ചായത്ത് (കേപ്പിറ്റൽ) | 6273098 |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 2532560 |
| ജില്ലാപഞ്ചായത്ത് (റവന്യൂ) | 564554 |
| മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ,ബ്ലോക്ക് പഞ്ചായത്ത് | 200000 |
| ആകെ | 12354857 |

സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗത്തിന് ജി.ഒ (പി)നം.7/2017/ഫിൻ തീ. 23.01.2017 ലെ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| ർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജലസേചന വകുപ്പ് | എരഞ്ഞിലോട്ട് താഴം വരിക്കണ്ടി കൊളത്തൂർ കനാൽ റോഡ് | | 500000 | 500000 | - |
| ജലസേചന വകുപ്പ് | എടവനക്കണ്ടി താഴം പാലം | | 105000 | 105000 | - |
| കെ.എസ്.ഇ.ബി | കൊളത്തൂർ നോർത്ത് അംഗണവാടി നവീകരണം | | 37666 | 37666 | - |
| കെ.എസ്.ഇ.ബി | വനിതാവ്യവസായകേന്ദ്രം ലൈൻ എക്സ്റ്റെൻഷൻ കണക്ഷൻചാർജ് | | 169333 | 169333 | - |
| ഭൂജലവകുപ്പ് | പരലാട് അംഗണവാടി കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ | | 88000 | 88000 | - |
| ഭൂജലവകുപ്പ് | പറമ്പിച്ചേരി കോളനി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | | 105000 | 105000 | - |
| ഭൂജലവകുപ്പ് | കയ്യാട്ട് കുടിവെള്ളപദ്ധതി - ഹാന്റ് പമ്പ് സ്ഥാപിക്കൽ | | 40700 | 40700 | - |
| കേരള വാട്ടർ അതോറിറ്റി | കയ്യാട്ട് കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടൽ | | 90000 | 90000 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | - | 17150500 | - | - | - | 17150500 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 748947 |
| തൻവർഷം നിക്ഷേപിച്ച തുക | 61788 |
| ആകെ | 810735 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 810735 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമനം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണബാങ്ക്,ബാലുശ്ശേരി ശാഖ | 23.09.2018 | 1 വർഷം | 810735 | 8% പലിശ |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2001-02 | 30 | 2003-04 | 11.13.7.20 (പൊതുപരാമർശം) | നികുതിപിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2.3 (പൊതുപരാമർശം) | കെട്ടിടവാടകക്കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13.4 (പൊതുപരാമർശം) | ഫർണീച്ചർ-സിംഗിൾ ക്വട്ടേഷൻ പ്രകാരം വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16.6 (പൊതുപരാമർശം) | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ |
| 2002-03 | 3-7 | 2006-07 | 3.79.17.3 (പൊതുപരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി. കോളനി റോഡ് പ്രവൃത്തി |
| 2002-03 | 3-10 | 2006-07 | 3.79.18.10 (പൊതുപരാമർശം) | കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയില്ല. |
| 2015-16 | 4-26 | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം |
| 2015-16 | 3.7.13 | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു. |
| 2015-16 | 4.2.2. | | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗുണഭോക്തൃതെരഞ്ഞെടുപ്പ് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,34,87,244 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,52,85,127 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,884 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,07,528 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 1-17 | 2884 | ശ്രീ.നിധിൻ കെ.എം,അസി.എഞ്ചിനീയർ,നൻമണ്ട ഗ്രാമ പഞ്ചായത്ത് |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-6 | 75000 | ശ്രീ.രാധാകൃഷ്ണൻ.എ.പി, അസി. സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-21(1) | 251489 | ഡോ.ജാസ്മിൻ കെ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,നൻമണ്ട |
| 1-21(2) | 32404 | ഡോ.ജാസ്മിൻ കെ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,നൻമണ്ട |
| 1-21(3) | 47759 | ഡോ.ജാസ്മിൻ കെ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,നൻമണ്ട |
| 1-23(4) | 92987 | 60219-ഡോ.ജാസ്മിൻ കെ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,നൻമണ്ട<br>32768-ഡോ.സരിത പുരുഷോത്തമൻ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,നൻമണ്ട |
| 1-23 | 107889 | ശ്രീമതി.സതീദേവി കെ,സെക്രട്ടറി |
| ആകെ | 607528 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നിധിൻ കെ.എം,അസി.എഞ്ചിനീയർ, നൻമണ്ട ഗ്രാമ പഞ്ചായത്ത് | അസി.എഞ്ചിനീയർ, നൻമണ്ട ഗ്രാമ പഞ്ചായത്ത് | കൊട്ടക്കകത്ത് വീട്, കൊച്ചിക്കൽ പി.ഒ, മാവേലിക്കര, ആലപ്പുഴ,690101 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ..കെ.കെ.ഡി(പി12) 848/19/30.11.2019 | 3 | 30 എ, 27,29 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2) 1519/09(13)/05.04.2011 | 1 | 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി12) 848(1)/19/30.11.2019 | 10 | 2-2, 2-3, 3-2. 3-5. 3-6(2),3-7,3-11, 3-12, 3-13, 3-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി(പി12) 848(2)/19/30.11.2019 | 7 | 2-2,2-3, 3-3, 3-4, 3-5, 3-6, 3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി(പി12) 848(3)/19/30.11.2019 | 4 | 2-3,3-2,3-3,3-8 |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.കെ.കെ.ഡി(പി12) 1534/19/30.11.2019 | 5 | 2-3,2-4,3-3, 3-5, 3-6, 4-6, 4-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി(പി12 1535/19/30.11.2019 | 4 | 3-3, 3-4, 3-9, 4-7 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി(പി12) 1536/19/30.11.2019 | 6 | 3-7, 3-8, 3-16, 3-19(1,4), 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി(പി12) 1537/19/30.11.2019 | 6 | 3-2, 3-13, 3-14, 3-15, 3-22, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി(പി12) 1537/19/30.11.2019 | 15 | 1-2, 2-1, 3-2, 3-6, 3-7, 3-8, 3-9, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി(പി12) 2123/17/05.04.2018 | 12 | 1-3, 1-4(1,2,3), 2-2, 3-1, 3-4, 3-5, 3-7, 3-8, 3-12, 3-13, 3-14,(2), 3-17 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി(പി12) 2121/17/05.04.2018 | 11 | 1-5, 2-2,3-1(1,2,3,4), 3-2(5), 3-4, 3-6, 3-7, 3-8, 3-9, 3-12,3-15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2122/17/16.04.2018 | 15 | 1-10, 3-2, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-19, 3-22, 3-23, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2199/17/28.03.2018 | 12 | 2-1, 2-2, 2-3, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 3-13, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/1017/17/08.12.2017 | 8 | 2-1, 2-2, 2-3, 3-5, 3-6, 3-7, 3-18, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2125/17/22.03.2018 | 23 | 2-1, 2-3, 2-4, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.(പി 12)/2761/18/09.05.2019 | 19 | 2-3,2-4,2-6,3-3,3-4,3-4(2),3-4(3),3-4(4), 3-4(5),3-4(6),3-4(7),3-4(9), 3-5,3-7,3-8,3-10,3-11(1),3-11(2),3-11(4),3-12 |

ഡെപ്യൂട്ടിഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# <u>അനുബന്ധം-1</u>

നമ്പർ കെ.എസ്.എ.കെ.കെ.ഡി/പി.3/1046/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്-20

ഇ-മെയിൽ ddlfakkd@yahoo.in

ഫോൺ; 0495 2371012


തിയ്യതി:17.11.2020

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) ,2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നൻമണ്ട ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്